07
2025
നവംബർ
വെള്ളി
തുലാം 21

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-6, Issue No. 279 Page 4, Price: Rs. 2 പുസ്തകം-6 ലക്കം-279 പേജ് 4. വില 2.00 രൂപ




02 മുഖ്യമന്ത്രി വാക്കുപാലിച്ചു; പെൻഷൻ ബാങ്ക് അക്കൗണ്ടിലെത്തി

03 എയിംസിന് തറക്കല്ലിടാതെ വോട്ടഭ്യർഥിച്ച് വരില്ല; സുരേഷ് ഗോപി

04 ഒരേ ഫോട്ടോയിൽ രണ്ട് ബൂത്തിലായി 223 വോട്ടർമാർ

# ബീഹാർ നിയമസഭാ തിരഞ്ഞെടുപ്പിൽ ചരിത്ര പോളിംഗ് 64.66%

ന്യൂഡൽഹി: ആദ്യഘട്ടത്തി വോട്ടെടുപ്പ് നടന്ന ഇന്ന് 64.66 ശതമാനം പോളിംഗ് രേഖപ്പെടുത്തി. 18 ജില്ലകളിലെ 121 സീറ്റുകളിലാണ് ആദ്യഘട്ട വോട്ടെടുപ്പ് നടന്നത്. ബെഗുസാരായി , സമസ്തിപൂർ , മധേപുര ജില്ലകളിലാണ് കൂടുതൽ പോളിംഗ്. 2000ത്തിൽ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിലാണ് ഇതിന് മുൻപുള്ള ഉയർന്ന പോളിംഗ് ശതമാനം രേഖപ്പെടുത്തിയത്. 62.57 ശതമാനം. ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ 1998ലാണ് ഏറ്റവും കൂടുതൽ പോളിംഗ് നടന്നത്. 64.6 ശതമാനമായിരുന്നു അന്നത്തെ പോളിംഗ്. വോട്ടിംഗിൽ പങ്കെടുത്ത എല്ലാ പൗരൻമാർക്കും പോളിംഗ് ഉദ്യോഗസ്ഥർക്കും മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ നന്ദി അറിയിച്ചു.



അതേസമയം ലഖിസാരായി മണ്ഡലത്തിൽ രാഷ്ട്രീയ ജനതാദൾ (ആർ. ജെ. ഡി) പ്രവർത്തകർ ഉപമുഖ്യമന്ത്രിയും ബി.ജെ.പി സ്ഥാനാർത്ഥിയുമായ വിജയ് കുമാർ സിൻഹയുടെ കാർ വളഞ്ഞ് ചെരിപ്പെറിഞ്ഞു. സംഭവ സ്ഥലത്ത് തടിച്ചുകൂടിയ ആർ.ജെ.ഡി, ബി.ജെ.പി പ്രവർത്തകർ തമ്മിൽ കൈയേറ്റവുമുണ്ടായി. തിരഞ്ഞെടുപ്പ് കമ്മിഷന്റെ നിർദ്ദേശ പ്രകാരം പൊലീസ് കേസെടുത്തിട്ടുണ്ട്. സരൺ ജില്ലയിലെ മാഞ്ചി നിയമസഭാ മണ്ഡലത്തിൽ, സി.പി.എം എം.എൽ.എയും സ്ഥാനാർത്ഥിയുമായ സത്യേന്ദ്ര യാദവിന്റെ കാറിന്റെ ചില്ലുകൾ അക്രമികൾ തകർത്തു. ആർക്കും പരിക്കില്ല.

പോളിങ് ശതമാനം ഉയർന്നത് തങ്ങൾക്ക് നേട്ടമാണെന്ന് അവകാശവാദവുമായി എൻഡിഎയും ഇന്ത്യാ മുന്നണിയും ഒരുപോലെ രംഗത്തെത്തിയിട്ടുണ്ട്. എൻഡിഎ വൻലീഡാണ് ആദ്യ ഘട്ടത്തിൽ സ്വന്തമാക്കിയിരിക്കുന്നത് എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി അവകാശപ്പെട്ടിരിക്കുന്നത്. രണ്ടാം ഘട്ടത്തിലും എൻഡിഎ തരംഗം എല്ലായിടത്തും ദൃശ്യമാണെന്നും പ്രധാനമന്ത്രി എക്സിലൂടെ അറിയിച്ചു.

അതേസമയം ബിഹാറിൽ സർക്കാർ രൂപീകരിക്കുമെന്ന് മഹാസഖ്യത്തിന് ആത്മവിശ്വാസമുണ്ടെന്ന് കോൺഗ്രസ് പറഞ്ഞു.

ഉപമുഖ്യമന്ത്രി വിജയ് കുമാർ സിൻഹയുടെ വാഹനത്തിന് നേരെയുണ്ടായ ആക്രമണം ഉൾപ്പെടെയുള്ള ഒറ്റപ്പെട്ട അക്രമ സംഭവങ്ങൾ ഒഴിച്ച് നിർത്തിയാൽ വോട്ടെടുപ്പ് പൊതുവെ സമാധാനപരമായിരുന്നു. തങ്ങളുടെ ശക്തി കേന്ദ്രങ്ങളിൽ ഇടയ്ക്കിടെ വൈദ്യുതി വിച്ഛേദിക്കാൻ ശ്രമങ്ങൾ നടന്നുവെന്ന് ആർജെഡിയും ആരോപിച്ചു.

ആർജെഡിയുടെ തേജസ്വി യാദവ്, ഉപമുഖ്യമന്ത്രിമാരായ സമ്രാട്ട് ചൗധരി, വിജയ് കുമാർ സിൻഹ, കൂടാതെ നിരവധി മന്ത്രിമാർ ഉൾപ്പെടെയുള്ള പ്രമുഖ നേതാക്കൾ മത്സരരംഗത്തുള്ളതിനാൽ, നിയമസഭാ തിരരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടം ഭരണകക്ഷിയായ എൻഡിഎയ്ക്കും പ്രതിപക്ഷമായ ഇന്ത്യ സഖ്യത്തിനും ഒരുപോലെ നിർണായകമായിരുന്നു.

2020ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ മഹാസഖ്യമാണ് ആദ്യഘട്ട മണ്ഡലങ്ങളിൽ മുൻതൂക്കം നേടിയത്. 121 ൽ 63 സീറ്റുകൾ സ്വന്തമാക്കി. എൻഡിഎ സഖ്യം 55 സീറ്റുകളാണ് നേടിയത്. 11ന് നടക്കുന്ന രണ്ടാം ഘട്ടം വോട്ടെടുപ്പിൽ 122 മണ്ഡലങ്ങളാണ് വിധിയെഴുതുന്നത്. 14നാണ് വോട്ടെണ്ണൽ.

## പ്രശാന്തിന് കാലാവധി നീട്ടി നൽകില്ല; ദേവസ്വം ബോർഡ് പ്രസിഡൻറ് സ്ഥാനത്തേക്ക് എ. സമ്പത്ത് പരിഗണനയിൽ

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് സ്ഥാനത്തുനിന്ന് പി. എസ്. പ്രശാന്തിനെ മാറ്റും. പി. എസ്. പ്രശാന്തിന് കാലാവധി നീട്ടി നൽകേണ്ടതില്ലെന്നാണ് തീരുമാനം. മുൻ എംപി എ. സമ്പത്തിനെയാണ് ദേവസ്വം ബോർഡ് പ്രസിഡൻറ് സ്ഥാനത്തേക്ക് പരിഗണിക്കുന്നത്. ഇക്കാര്യത്തിൽ സിപിഎം നേതൃത്വം തീരുമാനമെടുത്തതായാണ് പുറത്തുവരുന്ന വിവരം.

കെ. രാധാകൃഷ്ണൻ ദേവസ്വം മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ പിഎയായിരുന്നു എ. സമ്പത്ത്. ദേവസ്വം ബോർഡിലെ സിപിഐ പ്രതിനിധിയായി വിളപ്പിൽ രാധാകൃഷ്ണനെ പരിഗണിക്കുന്നതായും വിവരമുണ്ട്.

സിപിഐ സംസ്ഥാന കൗൺസിൽ അംഗവും തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷനുമാണ് വിളപ്പിൽ രാധാകൃഷ്ണൻ. അടുത്ത മന്ത്രിസഭാ യോഗത്തിൽ പുതിയ ഭരണസമിതിയെ നിശ്ചയിക്കും. നിലവിലുള്ള ഭരണസമിതിയുടെ അവസാന യോഗം പതിനൊന്നാം തീയതി ചേരും.

## ശബരിമല സ്വർണക്കൊള്ള; തിരുവാഭരണം മുൻ കമ്മിഷണർ ബൈജു അറസ്റ്റിൽ, കട്ടിളപ്പാളികൾ അഴിച്ച് പോറ്റിക്ക് നൽകി

തിരുവനന്തപുരം : ശബരിമല സ്വർണക്കൊള്ള കേസിൽ തിരുവാഭരണം മുൻ കമ്മിഷണർ കെ.എസ്.ബൈജു അറസ്റ്റിൽ. കേസിലെ ഏഴാം പ്രതിയാണ്. സ്വർണക്കൊള്ള കേസിൽ നാലാമത്തെ അറസ്റ്റാണിത്. ശബരിമല ശ്രീകോവിലിന്റെ സ്വർണം പൊതിഞ്ഞ കട്ടിളപ്പാളികൾ തിരുവാഭരണം കമ്മിഷണറുടെ സാന്നിധ്യത്തിലാണ് അഴിച്ച് ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ കൈവശം കൊടുത്തുവിട്ടത്. മഹസറിൽ ബൈജു ഒപ്പിട്ടിട്ടുണ്ട്. അതിൽ ചെമ്പുപാളി എന്നാണു രേഖപ്പെടുത്തിയത്. 2019ൽ സർവീസിൽനിന്നു വിരമിച്ചു.

ഉണ്ണിക്കൃഷ്ണൻ പോറ്റി, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫിസർ മുരാരി ബാബു, മുൻ എക്സിക്യൂട്ടീവ് ഓഫിസർ ഡി.സുധീഷ് കുമാർ എന്നിവരാണ് ഇതുവരെ അറസ്റ്റിലായവർ. ശബരിമല സ്വർണക്കൊള്ള കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവരെ അടുത്ത ദിവസങ്ങളിൽ പ്രത്യേക അന്വേഷണസംഘം ചോദ്യംചെയ്യും. ശബരിമല ശ്രീകോവിൽ വാതിലിന്റെ കട്ടിളപ്പടി പാളികളിലെ സ്വർണം തട്ടിയ കേസിലെ എട്ടാം പ്രതിയായാണ് അക്കാലത്തെ ബോർഡിനെ ഉൾപ്പെടുത്തിയത്. ഉണ്ണിക്കൃഷ്ണൻ പോറ്റിയെ ശബരിമലയിലെത്തിച്ച് തെളിവെടുപ്പു നടത്തും. ഉണ്ണിക്കൃഷ്ണൻ പോറ്റിയെ ഇന്ന് അന്വേഷണസംഘം ചോദ്യം ചെയ്തു. മുരാരി ബാബു, സുധീഷ് കുമാർ എന്നിവരെയും കസ്റ്റഡിയിൽ വാങ്ങാൻ എസ്ഐടി കോടതിയെ സമീപിക്കും.

## ജെഎൻയുവിൽ ഇടതിന് മികച്ച വിജയം

ന്യൂഡൽഹി : ഡൽഹി ജവാഹർലാൽ നെഹ്റു സർവകലാശാല വിദ്യാർഥി യൂണിയൻ തിരഞ്ഞെടുപ്പിൽ ഇടതു സഖ്യത്തിന് മികച്ച വിജയം. കേന്ദ്ര പാനലിലെ നാലു സീറ്റുകളിലും എസ്എഫ്ഐഐസ ഡിഎസ്എഫ് സഖ്യം വിജയം നേടി. വൈസ് പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച മലയാളി കെ.ഗോപിക ബാബുവാണ് ഏറ്റവും വലിയ ഭൂരിപക്ഷത്തിൽ വിജയിച്ചത്, 1236 വോട്ട്.

എസ്എഫ്ഐ ജെഎൻയു യൂണിറ്റ് സെക്രട്ടേറിയറ്റ് അംഗമായ ഗോപിക സെന്റർ ഫോർ ദ് സ്റ്റഡി ഓഫ് ലോ ആൻഡ് ഗവേർണൻസിൽ ഗവേഷകയാണ്. തൃശൂർ ഇരിങ്ങാലക്കുടയാണ് സ്വദേശം. എബിവിപിയുടെ വികാസ് പട്ടേലിനെ പരാജയപ്പെടുത്തി ഐസ പ്രതിനിധിയായ അദിതി മിശ്ര ജെഎൻയു പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. ഡിഎസ്എഫ് പ്രതിനിധിയായ സുനിൽ യാദവ് ജനറൽ സെക്രട്ടറിയായും ഐസയുടെ ഡാനിഷ് അലി ജോയിന്റ് സെക്രട്ടറിയായും വിജയിച്ചു. കഴിഞ്ഞ തവണ എബിവിപി സ്വന്തമാക്കിയ ജോയിന്റ് സെക്രട്ടറി സീറ്റ് ഇത്തവണ ഇടതു സഖ്യം തിരിച്ചുപിടിക്കുകയായിരുന്നു.

കേന്ദ്ര പാനലിലെ എല്ലാ സീറ്റുകളും ഇടതു സഖ്യം സ്വന്തമാക്കിയപ്പോൾ ഭൂരിഭാഗം കൗൺസിലർ സീറ്റുകളും എബിവിപി പിടിച്ചെടുത്തു. ഇടതുസഖ്യം വിട്ട് തനിച്ച് മത്സരിച്ച എഐഎസ്എഫിന് കാര്യമായ മുന്നേറ്റം നേടാൻ കഴിഞ്ഞില്ല. എൻഎസ്‌യുഐ, ബാപ്സ എന്നിവരും ഏതാനും കൗൺസിലർ സീറ്റുകളിലൊതുങ്ങി. സെൻട്രൽ പാനലിലെ 4 പോസ്റ്റുകളിലേക്കും 18 വിഭാഗങ്ങളിലേക്കുള്ള കൗൺസലർ പോസ്റ്റുകളിലേക്കും നവംബർ 4ന് ആണ് തിരഞ്ഞെടുപ്പ് നടന്നത്. സെൻട്രൽ കമ്മിറ്റിയിലേക്ക് 2 മലയാളികളുൾപ്പെടെ 20 സ്ഥാനാർഥികൾ മത്സരിച്ചു. കൗൺസലർ പോസ്റ്റുകളിലേക്ക് 111 സ്ഥാനാർഥികളുണ്ടായിരുന്നു.

## ഫിസിയോ തെറാപിസ്റ്റുകളും ഒക്കുപ്പേഷനൽ തെറാപിസ്റ്റുകളും ഡോക്ടർമാരല്ല, പേരിനു മുന്നിൽ 'ഡോ.' വേണ്ട: ഹൈക്കോടതി

കൊച്ചി : ഫിസിയോ തെറാപ്പിസ്റ്റുകളും ഒക്കുപ്പേഷനൽ തെറാപ്പിസ്റ്റുകളും പേരിനോടൊപ്പം ഡോക്ടർ എന്ന് ഉപയോഗിക്കാൻ പാടില്ലെന്ന് ഹൈക്കോടതി. സ്പെഷലിസ്റ്റ് മെഡിക്കൽ ഡോക്ടർമാരുടെ കൂട്ടായ്മയായ ഇന്ത്യൻ അസോസിയേഷൻ ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റിഹാബിലിറ്റേഷൻ നൽകിയ ഹർജിയിലാണ് ജസ്റ്റിസ് വി.ജി.അരുണിന്റെ ഉത്തരവ്. അസോസിയേഷൻ നൽകിയ ഹർജി ഫയലിൽ സ്വീകരിച്ച ഹൈക്കോടതി ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടിസ് അയയ്ക്കാനും ഉത്തരവിട്ടു. കേസ് ഡിസംബർ ഒന്നിനു വീണ്ടും പരിഗണിക്കും. 1916ലെ ഇന്ത്യൻ മെഡിക്കൽ ഡിഗ്രീസ് ആക്ടിലെ വ്യവസ്ഥകളും ഫിസിയോതെറാപ്പി, ഒക്കുപേഷനൽ തെറാപ്പി എന്നിവയ്ക്കുള്ള യോഗ്യതാധിഷ്ഠിത പാഠ്യപദ്ധതിയിലെ വ്യവസ്ഥകളും തമ്മിൽ വൈരുധ്യം നിലനിൽക്കുന്നുവെന്ന് ഹർജിക്കാർ ചൂണ്ടിക്കാട്ടി.

അംഗീകൃത മെഡിക്കൽ ഡിഗ്രിയില്ലാത്തവർ പേരിനു മുൻപ് ഡോക്ടർ എന്നു ചേർക്കുന്നത് ഇന്ത്യൻ മെഡിക്കൽ ഡിഗ്രി നിയമത്തിനു വിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി ഫിസിയോതെറാപ്പിക്കുള്ള 2025ലെ യോഗ്യതാധിഷ്ഠിത പാഠ്യപദ്ധതിയിൽ ഡോക്ടർ എന്നു ചേർക്കുന്നത് നീക്കം ചെയ്യാൻ കേന്ദ്ര ആരോഗ്യ മന്ത്രാലയം ഉത്തരവിട്ടിരുന്നു. എന്നാൽ പിന്നീട് ഈ ഉത്തരവ് പിൻവലിച്ചു. ഇതിനെ ചോദ്യം ചെയ്താണ് ഹർജിക്കാർ ഹൈക്കോടതിയെ സമീപിച്ചത്.

## ഹിസ്ബുള്ള പുനഃസംഘടിക്കുന്നു'; ലെബനനിൽ കനത്ത ആക്രമണവുമായി ഇസ്രയേൽ

ടെൽ അവീവ്: തെക്കൻ ലെബനനിലുടനീളമുള്ള ഹിസ്ബുള്ള കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് ആക്രമണം നടത്തിയതായി ഇസ്രായേലി സൈന്യം അറിയിച്ചു. മേഖലയിൽ പ്രവർത്തനം സജീവമാക്കാനുള്ള നീക്കങ്ങൾ ഹിസ്ബുള്ള ആരംഭിച്ചതോടെയാണ് ആക്രമണമെന്നാണ് ഇസ്രയേലിന്റെ വിശദീകരണം.

ആക്രമണത്തിന് മുന്നോടിയായി ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് സമീപം താമസിക്കുന്നവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നതായും ഐഡിഎഫ് വ്യക്തമാക്കി. ഒരു വർഷത്തിലേറെ നീണ്ടുനിന്ന സംഘർഷത്തിന് ശേഷം 2024 നവംബറിൽ ഹിസ്ബുള്ളയും ഇസ്രയേലും യുഎസിന്റെ മധ്യസ്ഥതയിൽ വെടിനിർത്തൽ കരാറിലെത്തിയിരുന്നു.

കരാർ പ്രകാരം, ഇസ്രായേൽ ആക്രമണങ്ങൾ നിർത്തുകയും തെക്കൻ ലെബനനിലെ താവളങ്ങളിൽ നിന്ന് ക്രമേണ പിൻവാങ്ങുകയും ചെയ്തിരുന്നു. ഹിസ്ബുള്ള അവരുടെ കേന്ദ്രങ്ങൾ ലിതാനി നദിയുടെ വടക്കോട്ട് മാറ്റുകയും ചെയ്യേണ്ടിയിരുന്നു. എന്നാൽ, ഹിസ്ബുള്ള വെടിനിർത്തൽ ലംഘിച്ചുവെന്ന് ചൂണ്ടിക്കാട്ടിയാണിപ്പോൾ ഇസ്രായേൽ ലെബനനിലെ ലക്ഷ്യസ്ഥാനങ്ങളിൽ ആക്രമണം പുനരാരംഭിച്ചിരിക്കുന്നത്. വെടിനിർത്തൽ ലംഘിച്ചെന്ന ആരോപണങ്ങൾ ഹിസ്ബുള്ള നിഷേധിച്ചിട്ടുണ്ട്.

എന്നാൽ ഹിസ്ബുള്ള വീണ്ടും ആയുധം സംഭരിക്കാനും തങ്ങളുടെ ആക്രമണ ശേഷി പുനഃസ്ഥാപിക്കാനും ശ്രമിക്കുകയാണെന്നാണ് ഇസ്രയേലിന്റെ ആരോപണം. കഴിഞ്ഞ കുറച്ച് നാളുകളായി തങ്ങൾ മുന്നറിയിപ്പ് നൽകിയിരുന്നതായും ഇസ്രയേൽ പറയുന്നു.

കഴിഞ്ഞ ആഴ്ച പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ലെബനനിലെ സൈനിക നടപടികൾ ചർച്ച ചെയ്യുന്നതിനായി മന്ത്രിമാരുമായി ചർച്ച നടത്തിയിരുന്നതായും ഇസ്രായേൽ വൃത്തങ്ങൾ അറിയിച്ചു.

ഹിസ്ബുള്ള പുനഃസംഘടിക്കാനും ആയുധങ്ങൾ സംഭരിക്കാനുമുള്ള ശ്രമങ്ങൾ ശക്തമാക്കുന്ന സാഹചര്യത്തിൽ ഇസ്രായേലിന് 'കണ്ണടച്ച് ഇരുട്ടാക്കാൻ കഴിയില്ലെന്ന്' വിദേശകാര്യ മന്ത്രി ഗിദെയോൻ സാർ കഴിഞ്ഞ ആഴ്ച പറഞ്ഞിരുന്നു.

## അങ്കമാലിയിലെ കുഞ്ഞിന്റെ കൊലപാതകം; അമ്മൂമ്മ അറസ്റ്റിൽ

കൊച്ചി: അങ്കമാലിയിൽ ആറുമാസം പ്രായമുള്ള കുഞ്ഞിന്റെ കൊലപാതകത്തിൽ അമ്മൂമ്മ റോസിലിയുടെ അറസ്റ്റ് രേഖപ്പെടുത്തി. മാനസിക വിഭ്രാന്തിയെ തുടർന്നാണ് കൊലപാതകമെന്നാണ് നിഗമനം. മറ്റെന്തെങ്കിലും പ്രേരണയുണ്ടോ എന്നും പോലീസ് പരിശോധിക്കും.

അങ്കമാലി കറുകുറ്റിയിൽ ആന്റണി റൂത്ത് ദമ്പതികളുടെ മകളായ ആറുമാസം പ്രായമുള്ള ഡൽന മരിയ സാറയാണ് കൊല്ലപ്പെട്ടത്. കുഞ്ഞിനെ അമ്മൂമ്മ കഴുത്തറുത്ത് കൊലപ്പെടുത്തുകയായിരുന്നുവെന്ന് പോലീസ് കണ്ടെത്തി. അമ്മൂമ്മ നിലവിൽ ആശുപത്രിയിൽ ചികിത്സയിലാണ്. കുഞ്ഞിനെ കഴുത്തിനു മുറിവേറ്റ നിലയിൽ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.



# മെഡിക്കൽ കോളേജുകളിലെ സമഗ്ര സ്ട്രോക്ക് സെന്ററുകൾക്ക് 18.87 കോടി

## സ്ട്രോക്ക് ചികിത്സാ സംവിധാനങ്ങൾ ലോകോത്തര നിലവാരത്തിലെത്തിക്കുക ലക്ഷ്യം

സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സമഗ്ര സ്ട്രോക്ക് സെന്ററുകൾക്ക് 18.87 കോടി രൂപയുടെ ഭരണാനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം, കോട്ടയം, തൃശൂർ, എറണാകുളം, കണ്ണൂർ എന്നീ 5 മെഡിക്കൽ കോളേജുകളിലാണ് സ്ട്രോക്ക് സെന്ററുകൾ വിപുലീകരിക്കുന്നത്. സ്വകാര്യ ആശുപത്രികളിലും അപെക്സ് ആശുപത്രികളിലും മാത്രം ലഭ്യമായിട്ടുള്ള ത്രോംബോലൈസിസ് ചികിത്സ മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിലെ 12 സ്ട്രോക്ക് യൂണിറ്റുകളിലൂടെയും നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ 6 സ്ട്രോക്ക് സെന്ററുകളെ വേൾഡ് സ്ട്രോക്ക് ഓർഗനൈസേഷൻ (ഡബ്ല്യു.എസ്.ഒ.), എൻ.എ.ബി.എച്ച്. നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷത്തോടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്ട്രോക്ക് ചികിത്സ ആരംഭിക്കാനാണ് ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.തിരുവനന്തപുരം മെഡിക്കൽ കോളേജിന് 1.53 കോടി, കോട്ടയം മെഡിക്കൽ കോളേജിന് 1.55 കോടി, തൃശൂർ മെഡിക്കൽ കോളേജിന് 4.78 കോടി, എറണാകുളം മെഡിക്കൽ കോളേജിന് 5.49 കോടി, കണ്ണൂർ മെഡിക്കൽ കോളേജിന് 5.50 കോടി എന്നിങ്ങനെയാണ് അനുവദിച്ചത്. സംസ്ഥാന വാർഷിക പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്.സ്ട്രോക്ക് രോഗികൾക്ക് അടിയന്തരവും സമഗ്രവുമായ ചികിത്സ ഉറപ്പാക്കുക, ന്യൂറോളജി, ന്യൂറോസർജറി തുടങ്ങിയ വിഭാഗങ്ങളിൽ ആവശ്യമായ ആധുനിക ഉപകരണങ്ങൾ, സൗകര്യങ്ങൾ, ഐസിയു നവീകരണം, എംആർഐ, സിടി സ്കാൻ, ഡിഫിബ്രിലേറ്റർ, വെന്റിലേറ്റർ, ഡോപ്ലർ തുടങ്ങിയ സാങ്കേതിക സംവിധാനങ്ങൾ സജ്ജമാക്കാനും ലക്ഷ്യമിടുന്നു. ത്രോംബോലൈസിസ് ചികിത്സയ്ക്ക് പുറമേ മെക്കാനിക്കൽ ത്രോമ്പക്ടമി പോലെയുള്ള സങ്കീർണമായ പ്രൊസീജിയറുകൾ കൂടി ചെയ്യാനുള്ള സംവിധാനം മെഡിക്കൽ കോളേജിൽ സാധ്യമാകുന്നതാണ്. സ്ട്രോക്ക് ചികിത്സ സാർവത്രികമാക്കുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പിൽ 9 പുതിയ ന്യൂറോളജിസ്റ്റ് തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാവുന്നതിലൂടെ സംസ്ഥാനത്ത് സ്ട്രോക്ക് ചികിത്സാ സംവിധാനങ്ങൾ ലോകോത്തര നിലവാരത്തിലെത്തിക്കാനാണ് ലക്ഷ്യം.

# ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കും

സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിൽ ഏറ്റവും പഴക്കവും പാരമ്പര്യവുമുള്ളതാണ് രജിസ്ട്രേഷൻ വകുപ്പ്. 1865ൽ കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടിയിലാണ് രാജ്യത്ത് തന്നെ ആദ്യത്തെ രജിസ്ട്രേഷൻ സംവിധാനം നിലവിൽ വന്നത്. ബ്രിട്ടീഷ് ഇന്ത്യയിൽ അവിടുത്തെ കറുപ്പത്തോട്ടങ്ങളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ടായിരുന്നു അത്. ഇന്ന് സംസ്ഥാനത്തിന്റെ വരുമാന ശ്രോതസ്സുകളിൽ പ്രധാനപ്പെട്ട രണ്ടു വകുപ്പുകളിൽ ഒന്ന് രജിസ്ട്രേഷൻ വകുപ്പാണ്.

"രജിസ്ട്രേഷൻ വകുപ്പും കാലത്തിനൊപ്പം" എന്ന മുഖസന്ദേശവുമായി വകുപ്പ് ആധുനികവൽക്കരണത്തിന്റെ പാതയിലാണ്. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി കഴിഞ്ഞ ഒമ്പതര വർഷക്കാലത്തിനിടയിൽ അടിസ്ഥാന സൗകര്യ വികസനത്തിലും സേവനമേഖലയിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. പഴയ കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിന് പ്രത്യേക പദ്ധതി നടപ്പിലാക്കി. മിക്കതും ഇതിനകം പൂർത്തിയാക്കി കഴിഞ്ഞു. മുഴുവൻ ഓഫീസുകളും സർക്കാർ കെട്ടിടങ്ങളായി മാറിയ ആദ്യ ജില്ലയായി കാസർഗോഡ് മാറി.

സേവന മേഖലയിലും ഈ കാലത്ത് ഒട്ടേറെ പരിഷ്കാരങ്ങൾ നടപ്പാക്കി. ഒരു ജില്ലയിലെ ആധാരം ജില്ലക്കകത്ത് ഏത് സബ്ബ് രജിസ്റ്റാർ ഓഫീസിലും രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം, മുദ്രപത്രങ്ങൾക്ക് സമ്പൂർണ്ണ ഇ-സ്റ്റാമ്പിങ്, രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി നിശ്ചയിക്കാനുള്ള സൗകര്യം, ഗഹാനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം, ആധാര പകർപ്പുകളും ബാധ്യതാ സർട്ടിഫിക്കറ്റുകളും ഓൺലൈനായി ലഭ്യമാക്കൽ, ഓൺലൈനായി തന്നെ പോക്ക് വരവ് വിവരങ്ങൾ റവന്യൂ വകുപ്പിന് കൈമാറുന്നതിനുള്ള സൗകര്യം, ക്യാഷ് ലെസ് ഓഫീസുകൾ, പഴയ രേഖകളുടെ ഡിജിറ്റൈസേഷൻ എന്നിവയും നടപ്പാക്കി.

നേരത്തെ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ഥ നിയമങ്ങളായിരുന്നു നിലനിന്നിരുന്നത്. ഇതിന് പകരം "കേരള സംഘങ്ങൾ രജിസ്ട്രേഷൻ ബില്ല്" എന്ന ഏകീകൃത നിയമം കഴിഞ്ഞ നിയമസഭ പാസാക്കി. തെരഞ്ഞെടുത്ത സബ് രജിസ്റ്റർ ഓഫീസുകളെ കടലാസ രഹിത നിലവാരത്തിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. സമഗ്രമായ വികസന കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി എറണാകുളത്ത് "വിഷൻ 2031" എന്ന വിപുലമായ സെമിനാർ സംഘടിപ്പിച്ചു. സെമിനാറിലെ വിവരങ്ങൾ ക്രോഡീകരിച്ച് വൈകാതെ മുഖ്യമന്ത്രി മുമ്പാകെ സമർപ്പിക്കും. നേരത്തെ സൂചിപ്പിച്ചതുപോലെ 1865ൽ ആരംഭിച്ച ഈ സംവിധാന പ്രകാരം ആദ്യ രജിസ്ട്രേഷൻ നടന്നത് ജനുവരി 4 നാണ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അത് പരിഗണിച്ച് ഇനി മുതൽ എല്ലാ വർഷവും ജനുവരി 4 രജിസ്ട്രേഷൻ ദിനമായി ആചരിക്കാൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ആദ്യ ദിനാചരണം 2026 ജനുവരി 4 ന് അഞ്ചരക്കണ്ടിയിൽ വെച്ച് തന്നെ നടത്തണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്.

അതോടൊപ്പം തന്നെ ഓരോ ജില്ലയിലെയും മെച്ചപ്പെട്ട സേവനം കാഴ്ചവെക്കുന്ന സബ്ബ് രജിസ്റ്റാറാഫീസുകളെ കണ്ടെത്തി അനുമോദിക്കും. മികച്ച ജില്ലാ രജിസ്റ്റാറാഫീസുകൾ, ചിട്ടി ഓഫീസുകൾ, ഡി. ഐ. ജി ഓഫീസുകൾ എന്നിവയെ കണ്ടെത്തി അവാർഡുകൾ സമ്മാനിക്കും. ഈ അനുമോദനവും രജിസ്ട്രേഷൻ ദിനാചരണത്തിനോടൊപ്പം സംഘടിപ്പിക്കും.

# ഡിജിറ്റൈസേഷൻ ഓഫീസറുടെ ഒഴിവ്

ജില്ലാ ജുഡീഷ്യറിയിലെ ഡിജിറ്റൈസേഷൻ പദ്ധതിക്കായി ഡിജിറ്റൈസേഷൻ ഓഫീസർമാരെ താൽക്കാലികമായി നിയമിക്കുന്നതിന് കേരള ഹൈക്കോടതി അപേക്ഷ ക്ഷണിച്ചു. ഹൈക്കോടതി, ജില്ലാകോടതി, താൽക്കാലിക കോടതികളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് അപേക്ഷിക്കാം. ദിവസവേതനാടിസ്ഥാനത്തിലായിരിക്കും നിയമനം.

255 ഒഴിവുകളുണ്ട്. അപേക്ഷിക്കുന്നവർ കുറഞ്ഞത് എസ്.എസ്.എൽ.സി യോഗ്യതയുള്ളവരായിരിക്കണം. മലയാളത്തിലും ഇംഗ്ലീഷിലും വായിക്കാനും എഴുതാനും കഴിവുണ്ടാകണം. ഹൈക്കോടതിയിലോ ജില്ലാകോടതികളിലോ (താൽക്കാലിക കോടതികൾ ഉൾപ്പെടെ) കുറഞ്ഞത് അഞ്ച് വർഷത്തെ ജുഡീഷ്യൽ, ക്ലറിക്കൽ ജോലി പരിചയവും കമ്പ്യൂട്ടർ പ്രവർത്തനജ്ഞാനവും നിർബന്ധം. കൂടാതെ കോടതി രേഖകളുടെ ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങളിൽ പരിചയം ഉണ്ടായിരിക്കണം. ഉദ്യോഗാർഥികൾ വിജ്ഞാപനത്തിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് ഹൈക്കോടതിയുടെ റിക്രൂട്ട്മെന്റ് പോർട്ടൽ വഴി ഓൺലൈനായി ആയി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: https://hckrecruitment.keralacourts.in, https://highcourt.kerala.gov.in/.

# ഇ–ടെൻഡർ ക്ഷണിച്ചു

തൃശൂർ മുളങ്കുന്നത്തുകാവിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കില) നാല് തരത്തിലുള്ള തുണി ബാഗുകൾ വിതരണം ചെയ്യുന്നതിനായി ഇ-ടെൻഡർ ക്ഷണിച്ചു. ഒരു വർഷത്തേക്കാണ് കരാർ. ടെൻഡർ സമർപ്പിക്കാനുള്ള അവസാന തീയതി നവംബർ 20ന് വൈകിട്ട് 3 മണിവരെയാണ്. വിശദവിവരങ്ങൾക്ക്: www.etenders.kerala.gov.in.

# അപേക്ഷ ക്ഷണിച്ചു

2024–25 വർഷം സ്റ്റേറ്റ് മെറിറ്റ് സ്കോളർഷിപ്പ് ഫ്രഷ് യോഗ്യത നേടിയ 2415 വിദ്യാർഥികളിൽ നിന്നും രണ്ടാം വർഷ റിന്യൂവലിനുള്ള അപേക്ഷകൾ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക്: www.collegiateedu.kerala.gov.in, www.dcescholarships.kerala.gov.in, 9446780308.

# ഓപ്ഷൻ രജിസ്ട്രേഷന് അവസരം

2025–26 അദ്ധ്യയന വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തും.

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി 10ന് ഉച്ചയ്ക് 12.30 വരെ ഓൺലൈനായി ഓപ്ഷനുകൾ നൽകാം. വിജ്ഞാപനം ംwww.cee.kerala.gov.in ൽ ലഭ്യമാണ്. ഹെൽപ് ലൈൻ നമ്പർ: 0471 – 2332120, 2338487.

# ഡെപ്യൂട്ടേഷൻ നിയമനം

തിരുവനന്തപുരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്, സിസ്റ്റം അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലെ ഓരോ ഒഴിവുകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തും. വിജ്ഞാപനം www.cee-kerala.org ൽ പ്രസിദ്ധീകരിച്ചു. സംസ്ഥാന സർക്കാർ സർവീസിലോ സ്വയംഭരണ സ്ഥാപനങ്ങളിലോ തത്തുല്യ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് അപേക്ഷിക്കാം. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കും.

താത്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ–144 അനുസരിച്ചുള്ള പ്രഫോർമയും ബയോഡാറ്റയുടം വകുപ്പ് മേധാവിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ മേലധികാരികൾ മുഖേന 22 ന് വൈകിട്ട് 5 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സ് (ഏഴാം നില), തമ്പാനൂർ, തിരുവനന്തപുരം 1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കണം.

# മുഖ്യമന്ത്രി വാക്കുപാലിച്ചു; പെൻഷൻ കുടിശിക രാമൻകുട്ടിയുടെ ബാങ്ക് അക്കൗണ്ടിലെത്തി

## രാമൻകുട്ടിയുടെ 12 വർഷത്തെ കാത്തിരിപ്പിന് വിരാമം

മുഖ്യമന്ത്രി എന്നോടൊപ്പം (സി എം വിത്ത് മി) സിറ്റിസൺ കണക്ട് സെന്ററിൽ നൽകിയ പരാതിയുടെ പരിഹാരം അറിയിക്കാനാണ് ഒക്ടോബർ 22ന് പാലക്കാട് പ്ലാച്ചിക്കാട്ടിൽ പി. രാമൻകുട്ടിയെ മുഖ്യമന്ത്രി നേരിട്ട് ഫോണിൽ വിളിച്ചത്. അന്ന് 'കടലാസ് ഉറപ്പ് തന്നെയാണല്ലോ രാമൻകുട്ടി...' എന്ന് മുഖ്യമന്ത്രി പറഞ്ഞത് പാലിക്കപ്പെട്ടു.

2013 മെയ് മുതൽ 2022 നവംബർ വരെയുള്ള പെൻഷൻ കുടിശ്ശികയും 2025 ഒക്ടോബറിലെ പെൻഷനൊപ്പം ബാങ്ക് അക്കൗണ്ടിൽ ലഭിച്ചു. 247340 രൂപയാണ് രാമൻകുട്ടിക്ക് ലഭിച്ചത്. മുഴുവൻ കുടിശ്ശികയും അക്കൗണ്ടിൽ എത്തിയെന്ന വിവരം സിറ്റിസൺ കണക്റ്റ് കോൾ സെന്ററിൽ നിന്ന് രാമൻകുട്ടിയെ അറിയിച്ചു.

2013 ഏപ്രിലിലാണ് രാമൻകുട്ടി ചെത്ത് തൊഴിലിൽ നിന്ന് വിരമിക്കുന്നത്. തൊട്ടടുത്ത മാസം മുതൽ ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നുള്ള പെൻഷൻ അദ്ദേഹത്തിന് ലഭിക്കേണ്ടതായിരുന്നു. എന്നാൽ പെൻഷൻ വിതരണം ചെയ്യുന്ന സോഫ്റ്റ്വെയറിലെ പിഴവ് കാരണം രാമൻകുട്ടിയുടെ പെൻഷൻ അതേ പേരുള്ള മറ്റൊരാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് പോയിരുന്നത്.2022-ൽ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 2022 ഡിസംബർ മാസം മുതൽ 3500 രൂപ നിരക്കിലുള്ള പ്രതിമാസ പെൻഷൻ രാമൻകുട്ടിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്നുതുടങ്ങി. ഇത് വലിയ ആശ്വാസമായെങ്കിലും 2013 മെയ് മുതൽ 2022 നവംബർ വരെയുള്ള ഏകദേശം ഒൻപതര വർഷത്തെ കുടിശികത്തുക സംബന്ധിച്ച് മാത്രം തീരുമാനമായിരുന്നില്ല.വഴിത്തിരിവായത് മുഖ്യമന്ത്രി എന്നോടൊപ്പം - സിറ്റിസൺ കണക്റ്റ് കാൾ സെന്ററിലേക്ക് വന്ന ഫോൺ കോൾ ആയിരുന്നു. രാമൻകുട്ടിയുടെ പരാതിയുടെ സ്വീകരിച്ച കോൾ സെന്റർ അധികൃതർ വിഷയം അടിയന്തരമായി ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഇൻസ്പെക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി.

തുടർന്ന് നടപടികൾ വേഗത്തിലായി. പാലക്കാട് ഓഫീസിൽ നിന്ന് ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടെയുള്ള മുഴുവൻ രേഖകളും തിരുവനന്തപുരത്തെ ഹെഡ് ഓഫീസിലേക്ക് അടിയന്തരമായി എത്തിച്ചു. ഒക്ടോബർ 17-ന് ചേർന്ന ക്ഷേമനിധി ബോർഡിന്റെ 705-ാമത് യോഗം രാമൻകുട്ടിയുടെ വിഷയം പ്രത്യേകമായി പരിഗണിച്ച് തുക അനുവദിക്കുകയായിരുന്നു.

# 'മഴത്തുള്ളി' പദ്ധതിയുടെ ലോഗോ പ്രകാശനം ചെയ്തു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന 'മഴത്തുള്ളി' പദ്ധതിയുടെ ലോഗോ തദ്ദേശസ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം. ബി. രാജേഷ് പ്രകാശനം ചെയ്തു.

കേരളത്തിലെ ഗ്രാമീണ മേഖലകളിലെ സർക്കാർ ഓഫീസ് കെട്ടിടങ്ങളിലെല്ലാം മഴവെള്ള റീചാർജ് സംവിധാനം നടപ്പിലാക്കുക എന്നതാണ് 'മഴത്തുള്ളി' പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഭൂഗർഭ ജലനിരപ്പ് ഉയർത്തുക, ജലക്ഷാമം ലഘൂകരിക്കുക, ഭൂഗർഭ ജലത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ. 2026 മെയ് മാസത്തോടെ ക്യാമ്പയിൻ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി. വി. അനുപമ, എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടർ രഞ്ജിത്ത് ഡി, ജോയിന്റ് ഡയറക്ടർ ആർ. രവിരാജ് എന്നിവർ പങ്കെടുത്തു.

# ശബരിമല സ്വർണക്കൊള്ള കേസ് എസ്ഐടി യോഗം ചേർന്നു; കൂടുതൽ അറസ്റ്റ് ഉണ്ടാകും

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ള കേസിൽ പുതുതായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് തീരുമാനമെടുക്കാനായി പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) യോഗം ചേർന്നു. ഈഞ്ചക്കലിലെ ക്രൈംബ്രാഞ്ച് ഓഫീസിൽ ക്രൈംബ്രാഞ്ച് മേധാവി എച്ച്. വെങ്കിടേഷിന്റെ നേതൃത്വത്തിലായിരുന്നു യോഗം ചേർന്നത്. എസ്പിമാരായ ശശിധരൻ, പി. ബിജോയി, മറ്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്തു. അന്വേഷണ സംഘം ബുധനാഴ്ച ഹൈക്കോടതിയിൽ അന്വേഷണ പുരോഗതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

ദേവസ്വം ബോർഡിനും ഉദ്യോഗസ്ഥർക്കും സ്വർണക്കൊള്ളയിൽ പങ്കുണ്ടെന്നും അന്താരാഷ്ട്ര ബന്ധം സംശയിക്കുന്നുവെന്നും കോടതി നിരീക്ഷിച്ചിരുന്നു. മുൻ ദേവസ്വം ബോർഡ് പ്രസിഡൻറ് എൻ. വാസുവിനെ കോടതി നിശിതമായി വിമർശിച്ചിരുന്നു.

വാസുവിന്റെ ഭാഗത്തുനിന്ന് അനാസ്ഥയുണ്ടായി. ദേവസ്വം ബോർഡ് കൂറ് മൂർത്തിയോടും ഭക്തരോടും കാട്ടേണ്ടതാണ്. എന്നാൽ അതിന് വിരുദ്ധമായാണ് ബോർഡ് പ്രവർത്തിച്ചതെന്നും വിശദമായി അന്വേഷണം നടത്തണമെന്നും കോടതി പ്രത്യേക അന്വേഷണ സംഘത്തോട് നിർദേശിച്ചിരുന്നു.

വരുംദിവസങ്ങളിൽ കുടുതൽ അറസ്റ്റ് ഉണ്ടായേക്കും. നേരത്തെ വാസുവിനെ ചോദ്യം ചെയ്ത ശേഷം അന്വേഷണസംഘം വിട്ടയച്ചിരുന്നു.

# ചാർട്ടേഡ് അക്കൗണ്ടന്റ്: താത്പര്യപത്രം ക്ഷണിച്ചു

കേരള സർക്കാരിന്റെ ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പത്തനംതിട്ട കോന്നിയിലെ കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ (സി.എഫ്.ആർ.ഡി) 2021–22, 2022–23, 2023–24 സാമ്പത്തിക വർഷങ്ങളിലെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഓഡിറ്റ് ചെയ്യുന്നതിന് എ ജി എംപാനൽ രജിസ്ട്രേഷനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരിൽ നിന്ന് താത്പര്യപത്രം ക്ഷണിച്ചു. സേവനം ലഭ്യമാക്കുന്നതിനുള്ള നിരക്കും മറ്റ് വ്യവസ്ഥകളും കാണിച്ചുകൊണ്ടുള്ള താത്പര്യപത്രം 14 ന് വൈകിട്ട് 4 മണിക്ക് മുൻപ് ഓഫീസിൽ ലഭ്യമാക്കണം. വിശദവിവരങ്ങൾക്ക്: 8281486120.

# നാലാം ടി20: ഓസ്ട്രേലിയയ്ക്ക് ടോസ്; സഞ്ജു ഇന്നും ടീമിലില്ല

ക്വീൻസ് ലാൻഡ്: ഇന്ത്യയ്ക്കെതിരായ ടി20 പരമ്പരയിലെ നാലാം മത്സരത്തിൽ ടോസ് നേടിയ ഓസ്ട്രേലിയ ബൗളിംഗ് തെരഞ്ഞെടുത്തു. ക്വീൻസ് ലാൻഡിലെ കരാര ക്രിക്കറ്റ് സ്റ്റേഡിയത്തിലാണ് മത്സരം. മൂന്നാം മത്സരത്തിൽ ഇറങ്ങിയ ടീമിൽ മാറ്റമില്ലാതെയാണ് ഇന്ത്യ ഇന്നിറങ്ങുന്നത്. മലയാളി വിക്കറ്റ് കീപ്പർ ബാറ്റർ സഞ്ജു സാംസൺ ഇന്നും ഇലവനിൽ സ്ഥാനം പിടിച്ചില്ല. സഞ്ജുവിന് പകരം ജിതേഷ് ശർമയാണ് നാലാം ടി20യിലും ഇറങ്ങുന്നത്. കഴിഞ്ഞ മത്സരം തോറ്റ ടീമിൽ ഓസ്ട്രേലിയ നാലു മാറ്റങ്ങൾ വരുത്തി. ആദം സാംപയും ഗ്ലെൻ മാക്സ്വെല്ലും ജോഷ് ഫിലിപ്പും ഫിൽ ഡ്വാർഷുയിസും ഓസീസ് ടീമിലെത്തി. ഓപ്പണർ ട്രാവിസ് ഹെഡും ഷോൺ ആബട്ടും ഇന്ന് ഓസീസ് ടീമിലില്ല. അഞ്ച് മത്സരങ്ങളുള്ള പരമ്പര 1-1 എന്ന നിലയിൽ സമനിലയിലാണ്. ആദ്യ മത്സരം മഴ മൂലം ഉപേക്ഷിച്ചപ്പോൾ രണ്ടാം മത്സരം ഓസീസും മൂന്നാം മത്സരം ഇന്ത്യയും നേടി. ഇന്ത്യ പ്ലേയിംഗ് ഇലവൻ: അഭിഷേക് ശർമ, ശുഭ്മാൻ ഗിൽ, സൂര്യകുമാർ യാദവ് (ക്യാപ്റ്റൻ), തിലക് വർമ, അക്സർ പട്ടേൽ, വാഷിംഗ്ടൺ സുന്ദർ, ജിതേഷ് ശർമ, ശിവം ദുബെ, അർഷ്ദീപ് സിംഗ്, വരുൺ ചക്രവർത്തി, ജസ്പ്രീത് ബുമ്ര.

ഓസ്ട്രേലിയ പ്ലേയിംഗ് ഇലവൻ: മിച്ചൽ മാർഷ് (ക്യാപ്റ്റൻ), മാത്യു ഷോർട്ട്, ജോഷ് ഇംഗ്ലിസ്, ടിം ഡേവിഡ്, ജോഷ് ഫിലിപ്പ്, മാർക്കസ് സ്റ്റോയിനിസ്, ഗ്ലെൻ മാക്സ്വെൽ, ബെൻ ഡ്വാർഷുയിസ്, സേവ്യർ ബാർട്ട്ലെറ്റ്, നഥാൻ എല്ലിസ്, ആദം സാംപ.

# ഉപഭോക്തൃ സംരക്ഷണ അവാർഡിന് അപേക്ഷിക്കാം

2024-ലെ രാജീവ് ഗാന്ധി സംസ്ഥാന ഉപഭോക്തൃ സംരക്ഷണ അവാർഡിന് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഉപഭോക്തൃ സംഘടനകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഉപഭോക്തൃ സംരക്ഷണ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തുകയും മൂന്നു വർഷത്തെ പ്രവർത്തന പരിചയവുമുള്ള സംഘടനകൾക്ക് അപേക്ഷിക്കാം. വിശദവിവരങ്ങൾ ഉപഭോക്തൃകാര്യ വകുപ്പ്, പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ സപ്ലൈ ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാണ്.

അപേക്ഷകൾ 30ന് വൈകിട്ട് 5 നകം സെക്രട്ടറി, ഉപഭോക്തൃകാര്യ വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 1 എന്ന വിലാസത്തിൽ ലഭിക്കണം. 2024 ൽ പ്രസിദ്ധീകരിച്ച പുസ്തകം (പുന: പ്രസിദ്ധീകരണങ്ങൾ പരിഗണിക്കുന്നതല്ല), സംസ്ഥാന ഉപഭോക്തൃതർക്ക പരിഹാര കമ്മീഷനിൽ ഫയൽ ചെയ്ത കേസുകൾ, കമ്മീഷനുകൾക്ക് പുറത്ത് ഒത്തുതീർപ്പാക്കിയ കേസുകൾ, നവമാധ്യമങ്ങളിലെ ഇടപെടലുകൾ (ഫേസ്ബുക്ക് പേജ്, ടിറ്റർ അക്കൗണ്ട് മുതലായവ) (ലൈക്കുകൾ, ഷെയറുകൾ, തുടങ്ങിയവ പരിഗണിച്ച്) പിന്തുടരുന്നവർ, ജില്ല ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിൽ ഫയൽ ചെയ്ത കേസുകൾ, സെമിനാറുകൾ, പ്രസിദ്ധീകരിച്ച മാഗസിനുകൾ എന്നിവയ്ക്ക് പ്രത്യേകം പോയിന്റ് നിശ്ചയിച്ചാണ് പുരസ്കാരം നിർണയിക്കുന്നത്.

# കവിത കൊലക്കേസ്: പ്രതി അജിന് ജീവപര്യന്തവും അഞ്ച് ലക്ഷം രൂപ പിഴയും

പത്തനംതിട്ട: തിരുവല്ലയിൽ പ്രണയപ്പകയിൽ കവിത എന്ന യുവതിയെ കുത്തിപ്പരിക്കേൽപ്പിച്ച ശേഷം പെട്രോൾ ഒഴിച്ച് തീ കൊളുത്തി കൊന്ന കേസിൽ പ്രതി അജിന് ജീവപര്യന്തം തടവും അഞ്ച് ലക്ഷം രൂപ പിഴയും ശിക്ഷ. പത്തനംതിട്ട അഡീഷണൽ ജില്ലാ കോടതിയാണ് ജീവപര്യന്തം തടവിന് ശിക്ഷിച്ചത്. നേരത്തെ പ്രതി കുറ്റക്കാരനാണെന്ന് അഡീഷണൽ ജില്ലാ കോടതി കണ്ടെത്തിയിരുന്നു. 2019 മാർച്ച് 12ന് തിരുവല്ലയിൽ വെച്ചാണ് ക്രൂര കൊലപാതകം നടന്നത്. സഹപാഠിയായിരുന്ന പെൺകുട്ടി പ്രണയബന്ധത്തിൽ നിന്നും പിന്മാറിയതിനെ തുടർന്ന് അജിൻ അവരെ വഴിയിൽ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു. സംഭവത്തിന്റെ സിസിടിവി ദൃശ്യങ്ങൾ പുറത്തു വന്നിരുന്നു. കവിതയെ വഴിയിൽ തടഞ്ഞുനിർത്തി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ കയ്യിൽ കരുതിയിരുന്ന കത്തിയെടുത്ത് കുത്തിവീഴ്ത്തി പെട്രോളൊഴിച്ച് തീ കൊളുത്തുകയായിരുന്നു. നാട്ടുകാരടക്കം ഓടിയെത്തി തീയണച്ച് കവിതയെ ആശുപത്രിയിൽ എത്തിച്ചു. ഗുരുതരമായി പൊള്ളലേറ്റ കവിത പിറ്റേന്ന് തന്നെ മരിച്ചു. കൊലക്കുറ്റത്തിൽ ശക്തമായ സാക്ഷിമൊഴികളും സമർപ്പിക്കാൻ പ്രോസിക്യൂഷന് സാധിച്ചിരുന്നു. സിസിടിവി ദൃശ്യങ്ങളടക്കം നിർണായകമായി.

# പുഷ്പാർച്ചന നടത്തും

മുൻ രാഷ്ട്രപതി കെ. ആർ. നാരായണന്റെ ചരമ വാർഷിക ദിനാചരണത്തിന്റെ ഭാഗമായി നവംബർ 9 ന് രാവിലെ 8.30 ന് നിയമസഭാ സമുച്ചയത്തിലെ അദ്ദേഹത്തിന്റെ പ്രതിമയിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തും.

# ടെക്നോപാർക്ക് ഫേസ്–3 ൽ വിൻവിഷ് ടെക്നോളജീസ് ഡിസൈൻ സെൻറർ സ്ഥാപിക്കും

## 1.10 ലക്ഷം ചതുരശ്രയടി യൂണിറ്റ് 500 ജീവനക്കാരെ ഉൾക്കൊള്ളും
## 3–4 വർഷത്തിനുള്ളിൽ 1000 പേർക്ക് തൊഴിവസരം

തിരുവനന്തപുരം: ടെക്നോപാർക്ക് ആസ്ഥാനമായ ഇലക്ട്രോണിക്സ്, ഐഒടി, ഒപ്റ്റോ–ഇലക്ട്രോണിക്സ് ഉൽപ്പന്ന നിർമ്മാണ കമ്പനിയായ വിൻവിഷ് ടെക്നോളജീസ് 2027 ഓടെ ടെക്നോപാർക്ക് ഫേസ്–3 ൽ സ്വന്തം കാമ്പസ് സ്ഥാപിക്കും. 1,10,000 ചതുരശ്രയടി വിസ്തീർണ്ണത്തിലാണ് യൂണിറ്റ് സ്ഥാപിക്കുക. ഏകദേശം 500 ജീവനക്കാരെ ഉൾക്കൊള്ളാൻ ഇതിന് കഴിയും. ടെക്നോപാർക്കിൻറെ ഔദ്യോഗിക വോഡ്കാസ്റ്റായ 'ആസ്പയർ: സ്റ്റോറീസ് ഓഫ് ഇന്നൊവേഷനി'ൽ വിൻവിഷ് ടെക്നോളജീസ് സിഒഒ പയസ് വർഗീസ് ആണ് ഇക്കാര്യം അറിയിച്ചത്.

ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, ഒപ്റ്റിക്കൽ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി കിൻഫ്ര പാർക്കിൽ നാല് ഏക്കർ സ്ഥലത്ത് 3.50 ലക്ഷം ചതുരശ്രയടി വിസ്തീർണ്ണത്തിൽ ഏഴ് കെട്ടിടങ്ങൾ നിർമ്മിക്കുമെന്നും പയസ് വർഗീസ് പറഞ്ഞു. ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, ഒപ്റ്റോ–ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ ഉയർന്ന അളവിലുള്ള നിർമ്മാണത്തിനായി 50,000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ആദ്യ കെട്ടിടം രണ്ട് മാസത്തിനുള്ളിൽ പ്രവർത്തനസജ്ജമാകും. രണ്ടാമത്തെ കെട്ടിടത്തിന് തറക്കല്ലിട്ടു. ഇത് ആറ് മാസത്തിനുള്ളിൽ പൂർത്തിയാകും.ടെക്നോപാർക്ക് ഫേസ്–3 ലെയും കിൻഫ്രയിലെയും മുഴുവൻ കാമ്പസുകളുടെയും നിർമ്മാണം 2027 ഓടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ എല്ലാ ഇലക്ട്രോണിക്സ്, മെക്കാനിക്കൽ, ഒപ്റ്റോ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളും ഒരേയിടത്ത് ലഭ്യമാകും. 3 മുതൽ 4 വർഷത്തിനുള്ളിൽ 1000 പേർക്ക് തൊഴിവസരത്തിനും വഴിയൊരുങ്ങും. ഈ സൗകര്യങ്ങൾ പൂർത്തിയാകുമ്പോൾ കമ്പനി ഇനീഷ്യൽ പബ്ലിക് ഓഫറിംഗിന് (ഐപിഒ) പോകുമെന്നും അദ്ദേഹം വ്യക്തമാക്കി.

ടെക്നോപാർക്കിൽ നിന്നുള്ള കമ്പനികൾക്ക് ബ്രഹ്മോസും ഐഎസ്ആർഒയുടെ യൂണിറ്റുകളായ വിഎസ്എസ് സി, എൽപിഎസ് സി, ഐഐഎസ് യു എന്നിവയും ധാരാളം അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നുവെന്ന് പയസ് വർഗീസ് ചൂണ്ടിക്കാട്ടി. പ്രതിരോധ, ബഹിരാകാശ മേഖലകളിൽ നിന്ന് നിരവധി അവസരങ്ങൾ ഉയർന്നുവരുന്നുണ്ട്. വിജ്ഞാന സമ്പദ് വ്യവസ്ഥയുള്ള കേരളത്തിൽ കഴിവുള്ള പ്രൊഫഷണലുകളെ കണ്ടെത്തുന്നത് എളുപ്പമാണ്. വിൻവിഷിന് നിലവിൽ മതിയായ ഒപ്റ്റിക്സ്, ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എഞ്ചിനീമാരുണ്ട്.

ഊർജ്ജസ്വലമായ ഗവേഷണ–വികസന നവീകരണ ആവാസവ്യവസ്ഥയെ പ്രയോജനപ്പെടുത്തി താങ്ങാനാവുന്ന നിരക്കിൽ തദ്ദേശീയമായി സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യം. ഗവേഷണ–വികസനവും സാങ്കേതികവിദ്യയും നടപ്പിലാക്കുന്നതിന് വ്യവസായ–അക്കാദമിക് സഹകരണം അനിവാര്യമാണ്. ഉൽപ്പന്നങ്ങളുടെ സമയബന്ധിതമായ വിതരണവും വിപണി അറിവും പ്രധാനമാണ്. ലഭ്യമായ ഫണ്ടുകളെക്കുറിച്ച് സംരംഭകരെ അറിയിക്കാൻ ഒരു പ്ലാറ്റ് ഫോം ഉണ്ടായിരിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽനിന്ന് ഭൂമിയിലേക്ക് ഹൈഡെഫനിഷൻ വീഡിയോകൾ വേഗത്തിൽ അയക്കുന്നതിനായി വിൻവിഷ് ടെക്നോളജീസ് 2013 ൽ നാസയ്ക്കായി ആദ്യത്തെ ബഹിരാകാശ പദ്ധതി വിജയകരമായി നടപ്പിലാക്കി. സ്പേസ് എക്സ്, ഗൂഗിൾ, ഫേസ്ബുക്ക്, ബോയിംഗ്, ഐഎസ്ആർഒ എന്നിവയും വിൻവിഷിൻറെ പ്രധാന ക്ലയൻറുകളിൽ ഉൾപ്പെടുന്നു.

2007 ൽ ടെക്നോപാർക്കിൽ പ്രവർത്തനം ആരംഭിക്കുമ്പോൾ ഇലക്ട്രോണിക് ഹാർഡ്വെയർ ഡിസൈൻ, എംബഡഡ് സോഫ്റ്റ് വെയർ ഡവലപ്മെൻറ്, മെക്കാനിക്കൽ ഡിസൈൻ, ഒപ്റ്റിക്സ് ഡിസൈൻ എന്നിവയിലാണ് കമ്പനി ശ്രദ്ധ കേന്ദ്രീകരിച്ചത്. 2015 ൽ 'മെയ്ക്ക് ഇൻ ഇന്ത്യ' സംരംഭത്തിന് കീഴിൽ നിർമ്മിച്ച ആദ്യത്തെ ഉൽപ്പന്നമായ കൺഫോക്കൽ മൈക്രോസ്കോപ്പ് വികസിപ്പിച്ചെടുത്തു.

# ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവരെ അവർ തെരഞ്ഞെടുക്കും; താൻ ജയിക്കുമെന്ന് ഇപ്പോൾ പറയാനാകില്ല: തേജ് പ്രതാപ് യാദവ്

പാറ്റ്ന: ബിഹാറിൽ ആര് വിജയിക്കുമെന്ന് ഇപ്പോൾ പറയാനാകില്ലെന്ന് ലാലു പ്രസാദ് യാദവിന്റെ മകനും ജൻശക്തി ജനതാ ദൾ അധ്യക്ഷനുമായ തേജ് പ്രതാപ് യാദവ്.

എൻഡിഎയ്ക്കും മഹാസഖ്യത്തിനും അനുകൂലമായ തരംഗമൊന്നും സംസ്ഥാനത്തില്ലെന്നും തേജ് പ്രതാപ് പറഞ്ഞു. പാറ്റ്നയിൽ വോട്ട് രേഖപ്പെടുത്തിയ ശേഷം പ്രതികരിക്കുകയായിരുന്നു മഹുവ മണ്ഡലത്തിലെ സ്ഥാനാർഥി കൂടിയായ തേജ് പ്രതാപ്. 'മഹുവയിലും സംസ്ഥാനത്തും കടുത്ത മത്സരമാണ്. ആര് വിജയിക്കുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. ജനങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നവരെ അവർ തെരഞ്ഞെടുക്കും. അത് ആരാണെന്ന് നവംബർ 14ന് അറിയാം. അതുവരെ കാത്തിരിക്കണം. '–തേജ് പ്രതാപ് യാദവ് പറഞ്ഞു.

മഹാസഖ്യത്തിന്റെ മുഖ്യമന്ത്രി സ്ഥാനാർഥി ആയ ആർജെഡി നേതാവ് തേജസ്വി യാദവിന്റെ സഹോദരൻ കൂടിയാണ് തേജ് പ്രതാപ്.

ആർജെഡി പ്രവർത്തകനായിരുന്ന തേജ് പ്രതാപിനെ ഈ വർഷമാദ്യം പാർട്ടിയിൽ നിന്ന് പുറത്താക്കുകയായിരുന്നു. തുടർന്നാണ് തേജ് പ്രതാപ് ജൻശക്തി ജനതാ ദൾ പാർട്ടി രൂപീകരിച്ചത്.

ബിഹാറിലെ ആദ്യഘട്ട തെരഞ്ഞെടുപ്പിന്റെ പോളിംഗ് പുരോഗമിക്കുകയാണ്. ചൊവ്വാഴ്ച രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് നടക്കും. 14നാണ് വോട്ടെണ്ണൽ.

# എഐഎഫ്എഫ് സൂപ്പർ കപ്പ്; സെമി ലക്ഷ്യമിട്ട് ബ്ലാസ്റ്റേഴ്സ് ഇന്ന് കളത്തിലിറങ്ങും

പനാജി: എഐഎഫ്എഫ് സൂപ്പർ കപ്പ് ഫുട്ബോളിൽ സെമി ലക്ഷ്യമിട്ട് കേരള ബ്ലാസ്റ്റേഴ്സ് ഇന്ന് കളത്തിലിറങ്ങും. രാത്രി 7.30ന് നടക്കുന്ന മത്സരത്തിൽ മുംബൈ സിറ്റിയെയാണ് ബ്ലാസ്റ്റേഴ്സ് നേരിടുക.

ആദ്യ രണ്ട് മത്സരങ്ങളും ജയിച്ച ബ്ലാസ്റ്റേഴ്സ് മികച്ച ഫോമിലാണ്. നിലവിൽ ആറ് പോയിൻറുള്ള ബ്ലാസ്റ്റ്ഴേസ് ഗ്രൂപ്പ് ഡിയിൽ ഒന്നാം സ്ഥാനത്താണ്. ഇന്ന് വിജയിച്ചാൽ സെമി ഉറപ്പിക്കാം. സമനില ആയാലും ബ്ലാസ്റ്റേഴ്സിന് സെമിയിലേക്ക് മുന്നേറാം. പരാജയപ്പെട്ടാൽ മറ്റ് ടീമുകളുടെ മത്സരഫലം അനുസരിച്ചായിരിക്കും ബ്ലാസ്റ്റേഴ്സിന്റെ സെമി പ്രവേശനം.

ആദ്യ മത്സരത്തിൽ രാജസ്ഥാൻ യുണൈറ്റഡിനെ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ച ബ്ലാസ്റ്റേഴ്സ് രണ്ടാം മത്സരത്തിൽ സ്പോർടിംഗ് എസ്സി ഡൽഹിയെ എതിരില്ലാത്ത മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തിയിരുന്നു.

ആദ്യ മത്സരത്തിൽ സ്പോർടിംഗ് എസ്സി ഡൽഹിയെ പരാജയപ്പെടുത്തിയ മുംബൈ സിറ്റി രണ്ടാം മത്സരത്തിൽ രാജസ്ഥാൻ യുണൈറ്റഡിനോട് പരാജയപ്പെട്ടിരുന്നു. നിലവിൽ മൂന്ന് പോയിൻറുള്ള മുംബൈയ്ക്ക് സെമിയിലേയ്ക്ക് മുന്നേറണമെങ്കിൽ ജയം അനിവാര്യമാണ്.

# തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയുടെ അനാസ്ഥ; രോഗി മരിച്ചെന്ന് പരാതി

തിരുവനന്തപുരം: തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയുടെ അനാസ്ഥയിൽ രോഗി മരിച്ചെന്ന് പരാതി. കൊല്ലം പന്മന സ്വദേശി വേണു (48) ആണ് ബുധനാഴ്ച മരിച്ചത്. വേണുവിന് ആവശ്യമായ ചികിത്സ നൽകിയില്ലെന്ന് കുടുംബം ആരോപിക്കുന്നു. താൻ മരിച്ചാൽ അതിന് കാരണം ആശുപത്രിയുടെ അനാസ്ഥയാണെന്ന് വേണു പറയുന്ന ശബ്ദ സന്ദേശം പുറത്തുവന്നു.ആൻജിയോഗ്രാമിന് ആശുപത്രിയിൽ എത്തിച്ച വേണുവിന് ആറ് ദിവസമായിട്ടും ചികിത്സ ലഭിച്ചില്ലെന്നാണ് കുടുംബത്തിന്റെ പരാതി. നായയെ നോക്കുന്ന കണ്ണ് കൊണ്ടുപോലും മെഡിക്കൽ കോളജിൽ രോഗികളെ തിരിഞ്ഞു നോക്കുന്നില്ലെന്നാണ് വേണു സുഹൃത്തിനയച്ച ശബ്ദ സന്ദേശത്തിൽ പറയുന്നത്. ഓട്ടോറിക്ഷ ഡ്രൈവറാണ് മരിച്ച വേണു.

# ഓപ്പറേഷൻ സർക്കാർ ചോരി; രാഹുലിന് ഹരിയാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കത്ത്

ന്യൂഡൽഹി: ഹരിയാനയിൽ വോട്ടർ പട്ടികയിൽ ക്രമക്കേടുണ്ടായെന്ന ആരോപണത്തിൽ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് ഹരിയാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കത്ത്. ആരോപണത്തിൽ രേഖാമൂലം പരാതി നൽകണം എന്നാവശ്യപ്പെട്ടാണ് കത്ത് നൽകിയത്. ബുധനാഴ്ചയാണ് ഹരിയാനയിൽ വോട്ടർ പട്ടികയിൽ വൻ ക്രമക്കേട് നടന്നുവെന്നും കോൺഗ്രസിനെ തോൽപ്പിക്കാൻ വൻ ഗൂഢാലോചന നടത്തിയെന്നും ആരോപിച്ച് രാഹുൽ രംഗത്തെത്തിയത്. അതേസമയം രാഹുൽ ഗാന്ധി നടത്തിയ ഓപ്പറേഷൻ സർക്കാർ ചോരി ആരോപണത്തിന് പിന്നാലെ വെളിപ്പെടുത്തലുമായി ഹരിയാനയിലെ വോട്ടർ രംഗത്തെത്തി. രാഹുൽ ഗാന്ധി പരാമർശിച്ച 'സ്വീറ്റി' യഥാർഥ വോട്ടറെന്നാണ് റിപ്പോർട്ട്.

# തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് : മീഡിയ ഹാൻഡ് ബുക്ക് പ്രകാശനം ചെയ്തു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് മാധ്യമ പ്രവർത്തകർക്കായി തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാക്കിയ മീഡിയ ഹാൻഡ് ബുക്കിന്റെ പ്രകാശനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ പ്രസ് ഇൻഫർമേഷൻ ബ്യൂറോ അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിചാമിക്ക് നൽകിക്കൊണ്ട് നിർവ്വഹിച്ചു.ആകാശവാണിയിലെ മാധ്യമപ്രവർത്തകർക്കു വേണ്ടി തിരുവനന്തപുരം കേന്ദ്രത്തിൽ നടന്ന തദ്ദേശപൊതുതിരഞ്ഞെടുപ്പ് 2025 ശില്പശാലയും തിരഞ്ഞെടുപ്പ് കമ്മീഷണർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി.എസ്. പ്രകാശ്, കൺസൾട്ടന്റ് എം.ഷാജഹാൻ, ആകാശവാണി ന്യൂസ് ജോയിന്റ് ഡയറക്ടർ ലെമി ജി നായർ, അസിസ്റ്റന്റ് ഡയറക്ടർ എം.സ്മിതി, ന്യൂസ് എഡിറ്റർ ബി.അനില, ഓഫീസ് മേധാവി ഡോ.എ.ജി.ബൈജു, പ്രോഗ്രാം മേധാവി പി.എ.ബൈജു, എന്നിവർ പങ്കെടുത്തു.

# ബിഹാറിൽ വൻ ഭൂരിപക്ഷത്തിൽ എൻഡിഎ വീണ്ടും അധികാരത്തിലെത്തും: സാമ്രാട്ട് ചൗധരി

പാറ്റ്ന: ബിഹാറിൽ എൻഡിഎ തന്നെ വീണ്ടും അധികാരത്തിലെത്തുമെന്ന് ഉപമുഖ്യമന്ത്രിയും ബിജെപി നേതാവുമായ സാമ്രാട്ട് ചൗധരി. ഇത്തവണ വൻ ഭൂരിപക്ഷത്തിലായിരിക്കും എൻഡിഎ വിജയിക്കുകയെന്നും സാമ്രാട്ട് അവകാശപ്പെട്ടു. താരാപുർ മണ്ഡലത്തിലെ സ്ഥാനാർഥിയായ അദ്ദേഹം വോട്ട് രേഖപ്പെടുത്തിയ ശേഷം പ്രതികരിക്കുകയായിരുന്നു. 'എൻഡിഎയുടെ വിജയം സുനിശ്ചിതമാണ്. കാരണം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും തുടരേണ്ടതുണ്ട്. അതിന് എൻഡിഎ സർക്കാർ തന്നെ വരണം. അതുകൊണ്ട് തന്നെ ജനങ്ങൾ ഞങ്ങൾക്ക് അനുകൂലമായി വോട്ട് ചെയ്യും. '–സാമ്രാട്ട് ചൗധരി പറഞ്ഞു. നിതീഷ് കുമാർ തന്നെയായിരിക്കും എൻഡിഎയെ നയിക്കുകയെന്നും സാമ്രാട്ട് കൂട്ടിച്ചേർത്തു. നിതീഷ് സംസ്ഥാനത്തെ എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണയുണ്ടെന്നും ബിഹാർ ഉപമുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ബിഹാറിലെ ആദ്യഘട്ട തെരഞ്ഞെടുപ്പിന്റെ പോളിംഗ് പുരോഗമിക്കുകയാണ്. ചൊവ്വാഴ്ച രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് നടക്കും. 14നാണ് വോട്ടെണ്ണൽ.

# പോലീസുകാരൻ വീടിനു സമീപം മരിച്ചനിലയിൽ

തിരുവനന്തപുരം: പോലീസുകാരനെ വീടിനു സമീപത്തെ പുരയിടത്തിലെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തി. തിരുവനന്തപുരം എ. ആർ. ക്യാമ്പിലെ പോലീസുകാരൻ ആര്യനാട് വിനോബനികേതൻ മണ്ണാറം റോഡരികത്ത് വീട്ടിൽ ശ്രീജിത്ത് (29) നെയാണ് വീടിന് സമീപത്തെ മരത്തിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ബുധനാഴ്ച രാത്രിയിലാണ് ശ്രീജിത്തിനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. ഇയാളുടെ വിവാഹം ഈ മാസം നടക്കാനിരിക്കുകയായിരുന്നു.

വിവാഹ ഒരുക്കങ്ങൾ നടന്നുവരവെയാണ് മരിച്ചനിലയിൽ കണ്ടെത്തിയത്. ആര്യനാട് പോലീസ് മേൽനടപടി സ്വീകരിച്ചു. മൃതദേഹം പോസ്റ്റ്മോർട്ടത്തിനായി മെഡിക്കൽ കോളജാശുപത്രി മോർച്ചറിയിലേക്കു മാറ്റി.

# തറക്കല്ലിടാതെ വോട്ടഭ്യർഥിച്ച് വരില്ല; എയിംസ് ആലപ്പുഴയിലല്ലെങ്കിൽ തൃശൂരിലെന്ന് സുരേഷ് ഗോപി

തൃശൂർ: കേരളത്തിൽ എയിംസ് പദ്ധതി നടപ്പിലാക്കുമെന്ന വാഗ്ദാനത്തിൽ ഉറച്ച് സുരേഷ് ഗോപി എംപി. കേരളത്തിൽ എയിംസ് പദ്ധതി നടപ്പാക്കുന്നത് ആലപ്പുഴ ജില്ലയിലാകണമെന്നാണ് ആഗ്രഹമെന്നും ഏതെങ്കിലും കാരണവശാൽ ആലപ്പുഴയ്ക്ക് കിട്ടിയില്ലെങ്കിൽ അത് തൃശൂരിലായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ കോഫി ടൈം പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എയിംസ് കേരളത്തിന് തരുമെങ്കിൽ അത് ആലപ്പുഴയിൽ വേണം. ഇത്രയും അടിതെറ്റിയ ജില്ല വേറെയില്ല.

പിന്നെയുള്ളത് ഇടുക്കിയാണ്. അവിടെ ഭൂമിശാസ്ത്രപരമായി നടപ്പിലാക്കാൻ കഴിയാത്തതുകൊണ്ട് ആലപ്പുഴയിൽ തന്നെയാണ് വരേണ്ടത്. അത് തന്നില്ലെങ്കിൽ തൃശൂരിന്റെ തണ്ടെല്ല് ഞാൻ അവിടെക്കാണിക്കും.

കേരളത്തിൽ എവിടെയായാലും എയിംസിന്റെ തറക്കല്ലിടാതെ വോട്ടഭ്യർഥിച്ച് ഞാൻ ജനങ്ങളക്ക് മുന്നിൽ വരില്ലെന്നും സുരേഷ് ഗോപി പറഞ്ഞു.

# ചലന പരിമിതിയുള്ള ഭിന്നശേഷിക്കാർക്ക് മുച്ചക്ര സ്കൂട്ടറിന് അപേക്ഷിക്കാം

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചലന പരിമിതിയുള്ള ഭിന്നശേഷിക്കാർക്ക് മൂന്നുവീൽ സ്കൂട്ടർ നൽകുന്ന ശുഭയാത്ര പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. 2017 ഏപ്രിൽ 1ന് ശേഷം സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ സർക്കാർ അനുബന്ധ സ്ഥാപനങ്ങൾ/ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ/ ങജഘഅളട ഫണ്ട്/ ഇടഞ ഫണ്ട്/ അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും മുച്ചക്ര വാഹനം/ ഇലക്ട്രോണിക് വീൽ ചെയർ ലഭിക്കാത്തവർക്ക് ഗൂഗിൾ ഫോമിൽ അപേക്ഷ സമർപ്പിക്കാം. ഗൂഗിൾ ഫോം ലിങ്ക്: https://docs.google.com/forms/d/e/1FAIpQLSd52dLKbSQVHsKZS4juJJ8GqZVNiIBYYKzINNy00uLFyZuTkA/ iewform?usp=dialog. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട PMR/ അസ്ഥിരോഗവിഭാഗം വിദഗ്ധരുടെ നിശ്ചിത മാതൃകയിൽ ഉള്ള സർട്ടിഫിക്കറ്റ്, തദ്ദേശ സ്വയം ഭരണസ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവയുടെ ഫോർമാറ്റുകൾ വ്വ.c.kerala.gov.in ൽ ലഭിക്കും. ഡിസംബർ 10 വൈകിട്ട് 5 നകം അപേക്ഷിക്കണം. ഫോൺ: 0471 2347768, 9497281896.

# സ്നേഹപൂർവം പദ്ധതിയിലേക്ക് അപേക്ഷിക്കാം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹപൂർവം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അച്ഛനോ അമ്മയോ അല്ലെങ്കിൽ ഇരുവരുമോ മരണമടഞ്ഞതും നിർദ്ധനരായവരുമായ കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബിരുദം/പ്രൊഫഷണൽ ബിരുദം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള പ്രതിമാസ ധനസഹായം അനുവദിച്ചുവരുന്ന സ്നേഹപൂർവ്വം പദ്ധതി പ്രകാരം 2025–26 അദ്ധ്യയന വർഷത്തെ അപേക്ഷകൾ വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവി മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. സ്ഥാപന മേധാവികൾ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള ഗുണഭോക്താക്കളും പുതിയ അപേക്ഷകരും അവർ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപന മേധാവി മുഖേന അപേക്ഷകൾ ഓൺലൈനായി അപ്ലോഡ്ചെയ്യണം. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31. കൂടുതൽ വിവരങ്ങൾക്ക്: http://kssm.ikm.in, 1800-120-1001.

# പ്രൊക്യുർമെന്റ് എക്സ്പേർട്ട്

ക്ലീൻ കേരള കമ്പനിയുടെ ആസ്ഥാന കാര്യാലയത്തിൽ പ്രൊക്യുർമെന്റ് എക്സ്പേർട്ടിന്റെ കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. മെക്കാനിക്കൽ/ സിവിൽ / എൻവയോൺമെന്റൽ / കെമിക്കൽ എൻജിനിയറിങ്ങും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ എൻവയോൺമെന്റൽ എൻജിനിയറിങ്ങിൽ എം.ടെക്കും രണ്ടു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. പ്രായപരിധി 60 വയസിന് താഴെ. താത്പര്യമുള്ളവർ മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, ടി.സി 29/1132, രണ്ടാംനില, സ്റ്റേറ്റ് മുൻസിപ്പൽ ഹൗസ്, വഴുതക്കാട്, ചിന്മയ വിദ്യാലയത്തിന് എതിർവശം, തിരുവനന്തപുരം 10 വിലാസത്തിൽ നവംബർ 11 വൈകിട്ട് 5നകം അപേക്ഷ നൽകണം. ഫോൺ: 0471–2724600.

# ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ധനസഹായം

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപറേഷൻ ഭിന്നശേഷിക്കാരായ അംഗീകൃത ലോട്ടറി ഏജൻറുമാർക്കു 5,000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് ലഭിച്ച അപേക്ഷകരിൽ നിന്ന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഒന്നാംഘട്ടത്തിൽ തെരഞ്ഞെടുത്ത 200 ലോട്ടറി ഏജൻറുമാർക്കായി 10,00,000 രൂപ ധനസഹായം അനുവദിച്ചു. ഏറെ കാലം മുടങ്ങിക്കിടന്ന പദ്ധതി ഒന്നാം പിണറായി വിജയൻ സർകാരിന്റെ കാലത്താണ് പുനരാരംഭിച്ചത്. ഗുണഭോക്താക്കളുടെ വിവരങ്ങൾ ००० .വുംര.സല്യമഹമ.ഴീ.ശി ൽ ലഭിക്കും. അർഹരായ മറ്റു അപേക്ഷകർക്ക് കൂടി ധനസഹായം നൽകുന്ന കാര്യം പരിഗണനയിലാണ്. കൂടുതൽവിവരങ്ങൾക്ക്: 0471–2347768,

# സ്വർണവില വീണ്ടും മുകളിലേക്ക്

കൊച്ചി: സംസ്ഥാനത്ത് സ്വർണവില വീണ്ടും ഉയർന്നു. ഗ്രാമിന് 40 രൂപയും പവന് 320 രൂപയുമാണ് കൂടിയത്. ഇതോടെ സ്വർണവില ഗ്രാമിന് 11,175 രൂപയിലും പവന് 89,400 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

ബുധനാഴ്ച ഗ്രാമിന് 90 രൂപയും പവന് 720 രൂപയും കുറഞ്ഞിരുന്നു. സംസ്ഥാനത്ത് ചാഞ്ചാട്ടം തുടരുന്ന സ്വർണവില ചൊവ്വാഴ്ച ഗ്രാമിന് 65 രൂപയും പവന് 520 രൂപയും ഇടിഞ്ഞിരുന്നു. ഇതോടെ കഴിഞ്ഞ മൂന്നാഴ്ചയ്ക്കിടെ പവന് കുറഞ്ഞത് 8,280 രൂപയാണ്; ഗ്രാമിന് 1,035 രൂപയും.

ഒക്ടോബർ 17നും 21നും രേഖപ്പെടുത്തിയ ഗ്രാമിന് 12,170 രൂപയും പവന് 97,360 രൂപയുമാണ് കേരളത്തിലെ സർവകാല ഉയരം. ജനുവരി 22നാണ് പവൻ വില ആദ്യമായി 60, 000 കടന്നത്. 31ന് പവന് ഒറ്റയടിക്ക് 960 രൂപ ഉയർന്ന് 61,000 രൂപയെന്ന പുതിയ ഉയരം താണ്ടി.

# മണ്ണാർക്കാട്ട് റോഡ് മുറിച്ചു കടക്കുന്നതിനിടെ ബൈക്കിടിച്ചു; വീട്ടമ്മ ചികിത്സയിലിരിക്കെ മരിച്ചു

പാലക്കാട്: മണ്ണാർക്കാട്ട് റോഡ് മുറിച്ച് കടക്കുന്നതിനിടെ ബൈക്കിടിച്ച് ഗുരുതരമായി പരിക്കേറ്റ വീട്ടമ്മ ചികിത്സയിലിരിക്കെ മരിച്ചു. മണ്ണാർക്കാട് നൊട്ടമ്മല സ്വദേശി എറോടൻ റുമൈസ ആണ് മരിച്ചത്.

കഴിഞ്ഞ ബുധനാഴ്ച രാവിലെ റുമൈസയുടെ വീടിന് മുൻപിൽ വെച്ചായിരുന്നു അപകടമുണ്ടായത്. റോഡ് മുറിച്ച് കടക്കുന്നതിനിടെ ബൈക്ക് ഇവരെ ഇടിച്ചുതെറിപ്പിക്കുകയായിരുന്നു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ റുമൈസയെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. എന്നാൽ ചികിത്സയിലിരിക്കെ മരണപ്പെടുകയായിരുന്നു. വാഹനം ഓടിച്ചയാൾക്കെതിരെ പോലീസ് കേസെടുത്ത് തുടർ നടപടികൾ സ്വീകരിച്ചു വരുകയാണ്.

# എൽ.എൽ.എം. പ്രവേശനം: ഓപ്ഷൻ നൽകാം

2025–26 ലെ എൽ.എൽ.എം. കോഴ്സിലേക്ക് കേരളത്തിലെ ഗവൺമെന്റ് ലോ കോളേജുകളിലെ മുഴുവൻ സീറ്റിലേക്കും, സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലെ 50% സർക്കാർ സീറ്റുകളിലേക്കും പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ നവംബർ 5ന് ആരംഭിച്ചു. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് www.cee.kerala.gov.in ലൂടെ നവംബർ 17 വൈകിട്ട 3 വരെ ഓൺലൈൻ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാം. ഫോൺ: 0471–2332120 04712338487 04712525300.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# മസ്ക്കുലാർ ഡിസ്ട്രോഫി ബാധിതയ്ക്ക് 10-ാം ക്ലാസ്സ് തുല്യത പരീക്ഷ വീട്ടിൽവെച്ച് എഴുതാൻ പ്രത്യേക അനുമതി

### തൃശൂർ സ്വദേശി അനീഷ അഷ്റഫിന്റെ അപേക്ഷ പരിഗണിച്ചാണ് പൊതുവിദ്യാഭ്യാസ ജോ. സെക്രട്ടറിയുടെ ഉത്തരവ്

മസ്ക്കുലാർ ഡിസ്ട്രോഫി ബാധിതയായ 32-കാരിയ്ക്ക് 10 -ാം ക്ലാസ്സ് തുല്യത പരീക്ഷ വീട്ടിൽവെച്ച് എഴുതാൻ പൊതുവിദ്യാഭ്യാസ വകുപ്പ് ജോയിന്റ് സെക്രട്ടറി പ്രത്യേക അനുമതി നൽകി. തൃശൂർ, തളിക്കുളം, ആസാദ് നഗർ പണിക്കവീട്ടിലെ അനീഷ അഷ്റഫിനാണ് 10 -ാം ക്ലാസ്സ് തുല്യത പരീക്ഷയുൾപ്പെടെയുള്ള സമാന പരീക്ഷകൾ ഓൺലൈനായി വീട്ടിലിരുന്ന് എഴുതാൻ പ്രത്യേക സൗകര്യം നൽകണമെന്ന അവരുടെ അപേക്ഷ പരിഗണിച്ച് അനുമതി നൽകിയത്. ചലനശേഷി തീരെ കുറവായ അനീഷ ഏഴാം ക്ലാസ്സ് തുല്യത പരീക്ഷ പ്രത്യേക അനുമതിയോടെ വീട്ടിലിരുന്നു എഴുതി പാസായിരുന്നു. ഒരു വർഷം മുമ്പ് നടന്ന നവകേരള സദസ്സിൽ ആരോഗ്യമന്ത്രിയോടും ഉന്നത വിദ്യാഭ്യാസമന്ത്രിയോടും പിന്നീട് മുഖ്യമന്ത്രി നടത്തിയ മുഖാമുഖം പരിപാടിയിലും താനുൾപ്പെടെയുള്ള ഭിന്നശേഷി കുട്ടികൾ അനുഭവിക്കുന്ന വേദനകൾ അനീഷ പങ്കുവെച്ചിരുന്നു. ഒരു മാസം മുമ്പ് 'സി എം വിത്ത് മീ' യിലും പരാതി നൽകി. നിവേദനം നൽകിയപ്പോൾ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും നൽകിയ ഉറപ്പിനെ തുടർന്ന് സാക്ഷരത മിഷൻ നടത്തുന്ന 10 -ാം ക്ലാസ് തത്തുല്യ യോഗ്യത പരീക്ഷക്ക് കഴിഞ്ഞ 16 മാസമായി അനീഷ തയ്യാറെടുത്തു വരികയാണ്. തുല്യത പരീക്ഷ നവംബർ 8 നാണ് തുടങ്ങുന്നത്.

'ഒരുപാട് സന്തോഷമായി. അത്ര ആശിച്ചു പഠിച്ചു തുടങ്ങിയതാണ്. സർക്കാരിന് ഒരുപാട് നന്ദി', അനീഷ ആഹ്ലാദത്തോടെ പ്രതികരിച്ചു. പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി അനീഷയെ വീഡിയോ കോളിൽ വിളിച്ചു സംസാരിച്ചു.

എട്ടാം വയസിലാണ് അനീഷയ്ക്ക് രോഗം പിടിപെടുന്നത്. 11 വയസായപ്പോഴേക്കും നടക്കാൻ കഴിയാതാവുകയും പഠനം ഉപേക്ഷിക്കേണ്ടി വരികയും ചെയ്തു. 2021 ലെ ലോകഭിന്നശേഷി ദിനത്തിൽ സാമൂഹ്യനീതി വകുപ്പ് നടത്തിയ 'ഉണർവ്വ്' ഓൺലൈൻ കഥാരചന മത്സരത്തിൽ അനീഷയ്ക്കായിരുന്നു ഒന്നാം സ്ഥാനം. 2023 ലെ സംസ്ഥാന ഭിന്നശേഷി അവാർഡും അവർക്ക് ലഭിച്ചിരുന്നു.

അനീഷയ്ക്ക് 10 -ാം ക്ലാസ്സ് തുല്യത പരീക്ഷ വീട്ടിൽ വെച്ച് എഴുതാൻ അനുമതി ലഭ്യമാക്കണമെന്ന് തൃശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസറും ഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാന കമ്മീഷണറും ശിപാർശ നൽകിയിരുന്നു. ഉത്തരവ് പ്രകാരം വീട്ടിലെ ഒരു മുറി പരീക്ഷാ ഹാളിന് സമാനമായി സജ്ജീകരിക്കും. മുറിയിൽ വിദ്യാർത്ഥിയും ഇൻവിജിലേറ്ററും മാത്രമേ പാടുള്ളൂ. പരീക്ഷ നടത്തുന്നതിന്റെ എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തേണ്ടത് പരീക്ഷാഭവൻ സെക്രട്ടറിയാണ്.

# നൂതന കോഴ്സുകൾ നടത്തുന്നതിന് പ്രമുഖ സ്ഥാപനങ്ങളുമായി സഹകരണത്തിന് ധാരണ

വിദ്യാർത്ഥികളുടെ സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനുമായി നൂതനമായ വിവിധ കോഴ്സുകൾ ആവിഷ്കരിച്ചു നടത്തുന്നതിന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സെൻറർ ഫോർ കണ്ടിന്യൂയിങ് എജ്യുക്കേഷൻ കേരള (CCEK) ലോകപ്രശസ്തമായ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പിട്ടു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദുവിന്റെ സാന്നിധ്യത്തിൽ സിസിഇകെ ഡയറക്ടർ ഇഷിത റോയ് ആണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.ജർമ്മനി ആസ്ഥാനമായുള്ള ടിയുവി റൈൻലാൻഡ്, ന്യൂഡൽഹി ആസ്ഥാനമായുള്ള എഡ്യൂനെറ്റ് ഫൗണ്ടേഷൻ, തിരുവനന്തപുരം ആസ്ഥാനമായുള്ള പാലിയം ഇന്ത്യ എന്നിവയുമായാണ് സഹകരണം.ടിയുവി റൈൻലാൻഡ് ഗ്രീൻ എനർജി, ഹൈഡ്രജൻ, സോളാർ എനർജി, വിന്റ് എനർജി എന്നീ മേഖലകളിൽ നൈപുണ്യ വികസനം നൽകും. എഡ്യൂനെറ്റ് ഫൗണ്ടേഷൻ കേരളത്തിലെ 10,000 വിദ്യാർത്ഥികൾക്കും 1,000 അധ്യാപകർക്കും ഐബിഎം സർട്ടിഫിക്കേഷനോട് കൂടിയുള്ള നിർമ്മിത ബുദ്ധി (ആൃശേളശരശമഹ കിലേഹഹശഴലിരല) സൗജന്യ പരിശീലനം നൽകും. ജെറിയാട്രിക് ആൻഡ് പാലിയേറ്റീവ് കെയർ സർട്ടിഫിക്കറ്റ് കോഴ്സിനായാണ് പാലിയം ഇന്ത്യയുമായി സഹകരിക്കുക.സംസ്ഥാനത്തെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന കണ്ടിന്യൂയിങ് എജ്യുക്കേഷൻ സബ് സെന്ററുകളിലൂടെയാണ് കോഴ്സുകൾ നടത്തുക. ടിയുവി റൈൻലാൻഡിനു വേണ്ടി അസിസ്റ്റന്റ് വൈസ് പ്രസിഡന്റ് അജയ് മേനോൻ, എഡ്യൂനെറ്റ് ഫൗണ്ടേഷന് വേണ്ടി ഹെഡ് - ഗവണ്മെന്റ് റിലേഷൻസ് നിധി ജെയിൻ, പാലിയം ഇന്ത്യക്കു വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിനോദ് ഹരിഹരൻ എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്.

# വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടം: മന്ത്രി കെ. രാജൻ

നവകേരളത്തിലേക്കുള്ള യാത്രയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിച്ച ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ അഭിമാനകരമായ നേട്ടമാണെന്ന് റവന്യൂ മന്ത്രി കെ. രാജൻ. ക്യാമ്പയിനിലൂടെ ഒരു കോടി തൈകൾ നട്ടുപിടിപ്പിച്ചതിന്റെ പ്രഖ്യാപനം തൃശൂർ ടൗൺ ഹാളിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ക്യാമ്പയിനിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയതിനാൽ വിദ്യാർത്ഥികളെ നമ്മുടെ നാടിനെ സംരക്ഷിക്കാനുള്ള സംസ്കാരത്തിന്റെ കാവൽക്കാരായി മാറ്റാൻ കഴിഞ്ഞു. പ്രകൃതി പുനസ്ഥാപനത്തിനും വൃക്ഷവൽക്കരണത്തിനും നാമേവരും ജാഗ്രത പുലർത്തണം എന്ന സന്ദേശം മുന്നോട്ടുവയ്ക്കാനും ഒരു തൈ നടാം ക്യാമ്പയിനു കഴിഞ്ഞതായി മന്ത്രി അഭിപ്രായപ്പെട്ടു. ക്യാമ്പയിനിൽ നേതൃപരമായി പങ്കുവഹിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകർമസേന, തൊഴിലുറപ്പ് തൊഴിലാളികൾ, കുടുംബശ്രീ, ജനപ്രതിനിധികൾ, ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, സോഷ്യൽ ഫോറസ്ട്രി, വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവരെ മന്ത്രി അഭിനന്ദിച്ചു. നട്ട തൈകളെ പരിപാലിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയത് ശ്രദ്ധേയമായെന്നും മന്ത്രി പറഞ്ഞു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻസ് ജില്ലാ സെക്രട്ടറി കെ.ആർ. രവി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിത കേരളം മിഷൻ അസി. കോർഡിനേറ്റർ ഹരിപ്രിയാ ദേവി റിപ്പോർട്ട് അവതരിപ്പിച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടർ രഞ്ജിത് ഡി ക്യാമ്പയിൻ വീഡിയോ പ്രകാശനം നടത്തി. ചടങ്ങിൽ കെ.എഫ്.ആർ.ഐ ഡയറക്ടർ കണ്ണൻ സി.എസ്. വാര്യർ, സംസ്ഥാന ഔഷധസസ്യ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഔഷധി മാനേജിംഗ് ഡയറക്ടറുമായ ഹൃതിക് ഡി.കെ., തൃശൂർ ഫോറസ്ട്രി ഡിവിഷൻ അസി. കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടി.കെ. മനോജ്, കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഷെർളി, നവകേരളം കർമപദ്ധതി സംസ്ഥാന അസി. കോർഡിനേറ്റർ ടി. പി. സുധാകരൻ, തൃശൂർ ജില്ലാ കോർഡിനേറ്റർ ദിദിക സി. എന്നിവർ സംസാരിച്ചു.

# മുഖ്യമന്ത്രി പിണറായി വിജയൻ കുവൈറ്റ് ഉപപ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി

രണ്ട് ദിവസത്തെ സന്ദർശനത്തിന് കുവൈത്തിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയന് കുവൈത്തിൽ ഊഷ്മള സ്വീകരണം. കുവൈത്ത് ഉപപ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയുമായ ശൈഖ് ഫഹാദ് യൂസഫ് സൗദ് അൽ-സബാഹ് മുഖ്യമന്ത്രിയെ അൽ ബയാൻ പാലസിൽ സ്വീകരിച്ചു. കുവൈത്ത് ധനകാര്യ മന്ത്രിയും കുവൈത്ത് ഇൻവെസ്റ്റ്മെന്റ് അതോറിട്ടി ചെയർമാനുമായ ഡോ: സബീഹ് അൽ മുഖൈസിമും സന്നിഹിതനായിരുന്നു.

ഇന്ത്യയും കുവൈത്തും തമ്മിലുള്ള ചരിത്രപരമായ ബന്ധത്തെ കുറിച്ച് കൂടിക്കാഴ്ചയിൽ പരാമർശിച്ചു. കുവൈത്തിന്റെ പുനർനിർമ്മാണത്തിൽ മലയാളികൾ ഉൾപ്പെടെയുള്ള ഇന്ത്യൻ സമൂഹം നൽകിവരുന്ന സേവനങ്ങളെ ശൈഖ് ഫഹാദ് ശ്ലാഘിച്ചു. കേരളീയ സമൂഹത്തിന് കുവൈത്ത് ഭരണകൂടം നൽകിവരുന്ന സഹകരണത്തിനും പിന്തുണക്കും ശൈഖ് ഫഹാദിനോട് മുഖ്യമന്ത്രി നന്ദി പറഞ്ഞു. കേരളത്തിലെ വിവിധ മേഖലകളിലെ നിക്ഷേപ സാഹചര്യങ്ങളെ കുറിച്ച് മുഖ്യമന്ത്രി യോഗത്തിൽ വിശദീകരിച്ചു. ചീഫ് സെക്രട്ടറി ഡോ: എ. ജയതിലക്, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി എന്നിവരും കൂടിക്കാഴ്ചകളിൽ സംബന്ധിച്ചു.

കുവൈത്ത് ഇൻവെസ്റ്റ്മെന്റ് അതോറിട്ടി ഡയറക്ടർ ബോർഡ് അംഗം ശൈഖ് മിഷാൽ ജാബർ അൽ അഹ്മദ് അൽ സബാഹുമായും മുഖ്യമന്ത്രി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ നിക്ഷേപ സാധ്യതകളെ കുറിച്ചുള്ള ചർച്ചകൾക്കായി കുവൈത്തിൽ നിന്നുള്ള ഒരു പ്രതിനിധി സംഘം കേരളം സന്ദർശിക്കുമെന്ന് ശൈഖ് മിഷാൽ മുഖ്യമന്ത്രിയെ അറിയിച്ചു. നേരത്തെ കുവൈത്ത് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ത്യൻ എംബസി പ്രതിനിധികളും ലോക കേരള സഭ അംഗങ്ങളും, മലയാളം മിഷൻ, കല കുവൈറ്റ് ഭാരവാഹികളും ചേർന്ന് മുഖ്യമന്ത്രിയെ സ്വീകരിച്ചു.

വെള്ളിയാഴ്ച വൈകിട്ട് ഇന്ത്യൻ സമയം 7 മണിക്ക് മൻസൂരിയയിലെ അൽ അറബി ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കുന്ന സമ്മേളനത്തിൽ മുഖ്യമന്ത്രി കുവൈത്തിലെ മലയാളികളെ അഭിസംബോധന ചെയ്യും.

# പൊന്നാനിയിൽ കടലാക്രമണം; എഴു വള്ളങ്ങൾ തകർന്നു

മലപ്പുറം: പൊന്നാനിയിൽ കടലാക്രമണത്തിൽ എഴു വള്ളങ്ങൾ തകർന്നു. ബുധനാഴ്ച വൈകുന്നേരം മീൻപിടുത്തം കഴിഞ്ഞ് തീരത്ത് കയറ്റിയിട്ടിരുന്ന ഫൈബർ വള്ളങ്ങളാണ് അപ്രതീക്ഷിതമായി ഉണ്ടായ കടലാക്രമണത്തിൽ നശിച്ചത്. പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു പാലപ്പെട്ടി അജ്മേർ നഗരിൽ കടലേറ്റം. വള്ളത്തിൽ ഉണ്ടായിരുന്ന എഞ്ചിനുകൾക്കും കേടുപറ്റിയിട്ടുണ്ട്.

# ഗണേഷ്കുമാർ കായ് ഫലമുള്ള മരം; പുകഴ്ത്തി കോൺഗ്രസ് നേതാവ്

കൊല്ലം: ഗതാഗത മന്ത്രി കെ. ബി. ഗണേഷ്കുമാറിനെ പുകഴ്ത്തി കോൺഗ്രസ് നേതാവ്. ഗണേഷ്കുമാറിനെ നിയമസഭ തെരഞ്ഞെടുപ്പിൽ വീണ്ടും വിജയിക്കണമെന്ന് കൊല്ലം വെട്ടിക്കവല ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അബ്ദുൾ അസീസ് പറഞ്ഞു. ഗണേഷ് കുമാറിനെ വേദിയിൽ ഇരുത്തിയായിരുന്നു അബ്ദുൾ അസീസിന്റെ പ്രസംഗം. ഗണേഷ് കുമാർ കായ് ഫലമുള്ള മരമാണെന്നും കായ്ക്കാത്ത മച്ചി മരങ്ങളെ തിരിച്ചറിയണമെന്നും അബ്ദുൾ അസീസ് പ്രസംഗത്തിൽ പറഞ്ഞു. വെട്ടിക്കവലയിൽ നടന്ന പൊതുപരിപാടിക്കിടെയാണ് സംഭവം.

# ആലത്തൂരിൽ ജ്യൂസാണെന്ന് കരുതി കുളമ്പ് രോഗത്തിനുള്ള മരുന്ന് കുടിച്ച കുട്ടികൾ ആശുപത്രിയിൽ

പാലക്കാട്: ആലത്തൂരിൽ ജ്യൂസാണെന്ന് കരുതി കുളമ്പ് രോഗത്തിനുള്ള മരുന്ന് കുടിച്ച സഹോദരങ്ങൾ ആശുപത്രിയിൽ. ആലത്തൂർ വെങ്ങന്നൂർ സ്വദേശികളായ പത്തും ആറും വയസുള്ള കുട്ടികളെയാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. തിങ്കളാഴ്ച് വൈകുന്നേരം നാലോയായിരുന്ന സംഭവം. കുപ്പിയിൽ നിറച്ച് വച്ചിരുന്ന മരുന്നാണ് കുട്ടികൾ ജ്യൂസെന്ന് തെറ്റിദ്ധരിച്ച് കുടിച്ചത്.

രുചിവ്യത്യാസം തോന്നിയപ്പോൾ മരുന്ന് തുപ്പിക്കളഞ്ഞു. എന്നാൽ കുളമ്പ് രോഗത്തിന് പുരട്ടുന്ന മരുന്നിൽ അമ്ളത്തിന്റെ സാന്നിധ്യം ഉള്ളതിനാൽ വായിക്കും തൊണ്ടയ്ക്കും പൊള്ളലേറ്റു.

കുട്ടികൾ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

# ലോഡ്ജിനു മുകളിൽനിന്ന് യുവാവിനെ തള്ളിയിട്ടു: പ്രതി കസ്റ്റഡിയിൽ

കൊല്ലം: കടയ്ക്കലിൽ ലോഡ്ജിന് മുകളിൽ നിന്നും യുവാവിനെ തള്ളിയിട്ടു. ചൊവ്വാഴ്ച രാത്രിയാണ് കടയ്ക്കൽ ഓട്ടോ സ്റ്റാൻഡിലെ ഡ്രൈവറായ അസിമിനെ ഒപ്പമുണ്ടായിരുന്ന ശ്രീകുമാർ കമ്പികൊണ്ട് അടിച്ച ശേഷം തള്ളിയിട്ടത്. ഇതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിരുന്നു. രണ്ടാം നിലയിൽനിന്ന് അസിം താഴെ വീഴുകയായിരുന്നു. സംഭവത്തിൽ കരവാളൂർ സ്വദേശി ശ്രീകുമാറിനെ പോലീസ് കസ്റ്റഡിയിലെടുത്തു. അസിം നിലവിൽ തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ലോഡ്ജിന്റെ മുകളിൽ നിന്ന് അസിം വീണു എന്നാണ് ആദ്യം നാട്ടുകാരും സഹപ്രവർത്തകരും അടക്കമുള്ളവർ കരുതിയിരുന്നത്. പിന്നീട് പോലീസ് നടത്തിയ അന്വേഷണത്തിലാണ് അങ്ങനെയല്ലെന്ന് കണ്ടെത്തിയത്. പുറത്തുവന്നിരിക്കുന്ന ദൃശ്യങ്ങൾ നടുക്കുന്നതാണ്. ശ്രീകുമാർ ലോഡ്ജിൽ മുറിയെടുത്തിട്ടുണ്ട്. അവിടെവച്ച് ഇരുവരും തമ്മിൽ തർക്കമുണ്ടി. തുടർന്നായിരുന്നു അക്രമണം. നിലവിൽ ശ്രീകുമാർ പോലീസ് കസ്റ്റഡിയിലാണ്. ഇയാളുടെ അറസ്റ്റ് ഇന്ന് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കുമെന്ന് കടയ്ക്കൽ പോലീസ് പറഞ്ഞു.

# മൊബൈൽ ഫോൺ എടുക്കാൻ കിണറ്റിലിറങ്ങി, തിരിച്ചു കയറാനാകാതെ യുവാവ്; രക്ഷകരായി ഫയർഫോഴ്സ്

തിരുവനന്തപുരം: കിണറ്റിൽ വീണ മൊബൈൽ ഫോൺ എടുക്കാനിറങ്ങിയ യുവാവ് കുടുങ്ങി. വക്കം പാട്ടിക്കവിള സ്വദേശി അഖിലാണ് (34) കിണറ്റിൽ അകപെട്ടത്. ആറ്റിങ്ങലിൽ നിന്ന് ഫയർഫോഴ്സ് എത്തിയാണ് അഖിലിനെ കരയ്ക്കത്തിച്ചത്. അഖിലും വീട്ടുകാരും തമ്മിൽ തർക്കമുണ്ടായെന്നും ഇതിനിടെ ഫോൺ കിണറ്റിൽ വീഴുകയുമായിരുന്നെന്ന് നാട്ടുകാർ പറയുന്നു. ഇതെടുക്കാനായി ഇയാൾ കിണറ്റിലേക്കിറങ്ങി. 30 അടിയോളം താഴ്ചയിലായിരുന്ന കിണറ്റിലേക്ക് വേഗത്തിൽ ഇറങ്ങിയെങ്കിലും തിരിച്ച് കയറാനായില്ല. ഇതോടെയാണ് സമീപവാസി ഫയർഫോഴ്സിനെ വിവരം അറിയിച്ചത്. ആറ്റിങ്ങൽ യൂണിറ്റിൽ നിന്നും ഫയർഫോഴ്സ് സംഘം എത്തി നെറ്റ് ഉപയോഗിച്ചാണ് ഇയാളെ കരയിലെത്തിച്ചത്. വെള്ളത്തിൽ വീണെങ്കിലും ഇയാൾക്ക് മറ്റ് പരുക്കുകളോ ബോധക്ഷയമോ ഉണ്ടാകാതിരുന്നതിനാൽ ഫയർഫോഴ്സ് ഇട്ടുകൊടുത്ത നെറ്റിൽ കയറി കരയിലേക്കെത്തുകയായിരുന്നെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. അതേസമയം ഫോൺ കിട്ടിയില്ല.

# പിണറായിക്കെതിരേ പ്രസംഗിച്ചെന്നാരോപിച്ച് ഡിവൈഎഫ്ഐ പ്രകടനവും തെറിവിളിയും; പോലീസ് അന്വേഷണം തുടങ്ങി

കോഴിക്കോട്: മുഖ്യമന്ത്രി പിണറായി വിജയനെതിരേ പ്രസംഗിച്ചെന്നാരോപിച്ച് യൂത്ത് കോൺഗ്രസ് നേതാവ് റിജിൽ മാക്കുറ്റിക്കെതിരെ വളയത്ത് ഡിവൈഎഫ്ഐ പ്രകടനം. യുഡിഎഫ് സംഘടിപ്പിച്ച ജനപക്ഷ യാത്രയുടെ സമാപനത്തിലെ പ്രസംഗത്തിനെതിരെയാണ് പ്രതിഷേധം. ഉദ്ഘാടകനായ ഷാഫി പറമ്പിൽ എംപി വേദി വിട്ടതിനു പിന്നാലെയാണ് പ്രകോപന മുദ്രാവാക്യങ്ങളുമായി പ്രകടനം നടത്തിയത്. യുഡിഎഫ് സംഘടിപ്പിച്ച ജനപക്ഷ യാത്രയുടെ സമാപന പരിപാടിയിൽ റിജിൽ മാക്കുറ്റി പ്രസംഗിച്ചിരുന്നു. ഇതിൽ പ്രകോപിതരായ ഡിവൈഎഫ് ഐ പ്രവർത്തകരാണ് വളയം ടൗണിൽ പ്രതിഷേധ പ്രകടനം നടത്തി തെറി പറഞ്ഞത്. ഷാഫി പറമ്പിൽ എംപി ആയിരുന്നു പരിപാടിയുടെ ഉദ്ഘാടകൻ. എന്നാൽ എംപി വേദിയിൽ നിന്ന് പോയതിനു പിറകെയാണ് ഡിവൈഎഫ് ഐ പ്രകടനം നടത്തിയത്. പ്രകോപനപരമായ മുദ്രാവാക്യം വിളിച്ച് ടൗണിലൂടെയാണ് പ്രകടനം നടത്തിയത്. സംഭവത്തിൽ പോലീസ് അന്വേഷണം ആരംഭിച്ചു.

# തിരൂരിൽ മെത്താംഫെറ്റമിനുമായി യുവാവ് അറസ്റ്റിൽ

മലപ്പുറം: തിരൂരിൽ മെത്താംഫെറ്റമിനുമായി യുവാവ് അറസ്റ്റിൽ. ആദൃശ്ശേരി പട്ടരാട്ടിൽ വീട്ടിൽ സക്കീർ ഹുസൈൻ (43) ആണ് അറസ്റ്റിലായത്. തിരൂർ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ സാദിക്കും സംഘവും ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്. ചൊവ്വാഴ്ച രാത്രി 8.30ന് തൃക്കണ്ടിയൂർ മുത്തൂർ ബൈപ്പാസ് റോഡിൽ വാഹന പരിശോധനക്കിടെ കാറിൽ കടത്തിക്കൊണ്ട് വന്ന 2.2 ഗ്രാം മെത്താംഫിറ്റമിനാണ് ഇയാളിൽനിന്ന് കണ്ടെടുത്തത്. കാറും 3200 രൂപയും മൊബൈൽ ഫോണും ഇയാളിൽ നിന്ന് പിടിച്ചെടുത്തു.

അര ഗ്രാമിന് 2000 രൂപ നിരക്കിലാണ് പ്രതി വിൽപ്പന നടത്തിയിരുന്നതെന്നു പോലീസ് അറിയിച്ചു. മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിലെ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് മെത്താംഫെറ്റമിൻ വിതരണം ചെയ്യുന്ന ശൃംഖലയിലെ കണ്ണിയാണ് സക്കീർ ഹുസൈനെന്ന് പോലീസ് അറിയിച്ചു. നിരവധി കേസുകൾ പ്രതിയുടെ പേരിൽ ഇതിനു മുമ്പും രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

# ഒരേ ഫോട്ടോയിൽ രണ്ട് ബൂത്തിലായി 223 വോട്ടർമാർ; ഹരിയാണ 'ബോംബ്' പൊട്ടിച്ച് രാഹുൽ

ന്യൂഡൽഹി: ഹരിയാണ നിയമസഭാ തിരഞ്ഞെടുപ്പിലെ അരങ്ങേറിയത് വൻ വോട്ടുകൊള്ളയെന്ന ഗുരുതര ആരോപണവുമായി പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. സംസ്ഥാനത്ത് 25 ലക്ഷം കള്ളവോട്ടുകളാണുണ്ടായിരുന്നതെന്ന് പാർട്ടിയുടെ കണക്കുകൾ ഉദ്ധരിച്ച് രാഹുൽ പറഞ്ഞു. ഒരാൾക്ക് പത്ത് ബൂത്തുകളിലായി 22 വോട്ടുണ്ടെന്നും വോട്ടർ പട്ടിക തെളിവായി ചൂണ്ടിക്കാട്ടി രാഹുൽ പറഞ്ഞു.

എല്ലാത്തിലും ഉപയോഗിച്ചിരിക്കുന്നത് ബ്രസീലിയൻ മോഡലിന്റെ ചിത്രമാണ്. ബ്രസീലിയൻ മോഡലിന് ഹരിയാണ ഇലക്ഷനിൽ എന്തു കാര്യമാണുള്ളത്? മാത്യൂസ് ഫെററോ എന്ന് പേരുള്ള ബ്രസീലിയൻ യുവതിയാണ് ഇത്തരത്തിൽ വോട്ടുചെയ്തത്. യുവതിയുടെ ചിത്രവും രാഹുൽ പ്രദർശിപ്പിച്ചു.

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട വോട്ടിങ് നടക്കാനിരിക്കെയാണ് വോട്ട് കൊള്ള ആരോപണത്തിൽ 'ആറ്റംബോംബിന്' പിന്നാലെ എച്ച് ഫയൽസ് എന്ന പേരിൽ 'ഹൈഡ്രജൻ ബോംബും' രാഹുൽ പൊട്ടിച്ചിരിക്കുന്നത്. ഒരു വോട്ടർ ഐഡിയിൽ ഒരാൾക്ക് ഒരു മണ്ഡലത്തിൽ മാത്രം നൂറ് വോട്ടുകളാണുള്ളത്. ഒരേ ഫോട്ടോ ഉപയോഗിച്ച് രണ്ട് പോളിങ് ബൂത്തിൽ മാത്രം 223 വോട്ടുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും രാഹുൽ ചൂണ്ടിക്കാട്ടി.

ഹരിയാണയിൽ ആകെ രണ്ടുകോടി വോട്ടർമാരാണുള്ളത്. ഇവിടെ 25 ലക്ഷത്തോളം കള്ളവോട്ടുകൾ ചേർക്കപ്പെട്ടു. അതായത് സംസ്ഥാനത്തെ എട്ടിലൊന്നും കള്ള വോട്ടാണെന്നും രാഹുൽ തെളിവുകൾ സഹിതം വ്യക്തമാക്കി. ഒരു അസംബ്ലി സീറ്റിൽ ഒരാൾ മാത്രം ഒരേ ഫോട്ടോയിൽ പല പേരുകളിലായി നൂറ് വോട്ടുകളുണ്ടെന്നതിന്റെ തെളിവും രാഹുൽ പുറത്തുവിട്ടു. ഇങ്ങനെ നൂറുകണക്കിന് ഉദാഹരണങ്ങളുണ്ടെന്നും വോട്ടർപട്ടികയുടെ പ്രിന്റുകളുമായി രാഹുൽ ആരോപിച്ചു. ബ്രസീലിയൻ മോഡലിന്റെ ചിത്രം ഉപയോഗിച്ച് 22 വോട്ടർമാരുണ്ടെന്നതിന്റെ തെളിവുകൾ രാഹുൽ പുറത്തുവിട്ടു. സീമ, സ്വീറ്റി, സരസ്വതി, വിമല എന്നിങ്ങനെ പല പേരുകളിലാണ് വോട്ടർ പട്ടികയിൽ ഈ മോഡലിന്റെ ചിത്രം സഹിതമുള്ളത്. 93,174 തെറ്റായ വിലാസങ്ങളിലും സംസ്ഥാനത്ത് വോട്ടുകളുണ്ടെന്നും അദ്ദേഹം പറഞ്ഞു.

# ചെറുതുരുത്തിയിൽ റോഡ് മുറിച്ചു കടക്കുകയായിരുന്ന യുവതിയെ ബൈക്ക് ഇടിച്ചുതെറിപ്പിച്ചു; യാത്രക്കാരനും യുവതിക്കും ഗുരുതര പരിക്ക്

തൃശൂർ: ചെറുതുരുത്തിയിൽ റോഡ് മുറിച്ചു കടക്കുകയായിരുന്ന യുവതിയെ ബൈക്ക് ഇടിച്ചുതെറിപ്പിച്ചു. വെട്ടിക്കാട്ടിരി കഫേ മെക്കാനി ഹോട്ടലിന് സമീപം റോഡ് മുറിച്ചു കടക്കുകയായിരുന്ന ചേലക്കര സ്വദേശിയായ യുവതിയെയാണ് ഇടിച്ചു തെറിപ്പിച്ചത്.

ബുധനാഴ്ച രാത്രി പത്തോടെയാണ് അപകടമുണ്ടായത്. തൃശൂർ ഭാഗത്തേക്ക് പോകുകയായിരുന്ന യുവതി റോഡ് മുറിച്ച് ഹോട്ടലിന്റെ ഭാഗത്തേക്ക് കടക്കുമ്പോഴണ് അപകടം ഉണ്ടായത്.

തൃശൂർ ഭാഗത്തുനിന്ന് ചെറുതുരുത്തിയിലേക്ക് പോവുകയായിരുന്ന മുള്ളൂർക്കര വണ്ടിപറമ്പിൽ വീട്ടിൽ മണികണ്ഠൻ ഓടിച്ചിരുന്ന ബൈക്കാണ് യുവതിയെ ഇടിച്ചുതെറിപ്പിച്ചത്.

അപകടത്തിൽപ്പെട്ട യുവതിക്കും ബൈക്ക് യാത്രികനായ മണികണ്ഠനും ഗുരുതരമായി പരിക്കേറ്റു. ഇരുവരെയും ഉടൻ തന്നെ ഓട്ടുപാറ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പ്രാഥമിക ചികിത്സയ്ക്ക് ശേഷം ഇരുവരേയും തൃശൂർ മെഡിക്കൽ കോളജ് ആശുപത്രിയിലേക്ക് മാറ്റി.